# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2022-2023




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.-എ.എൽ.പി./പി 6-1273/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 15/11/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-എ.എൽ.പി./പി 6-1273/2023 തീയ്യതി: 15/11/2023

# ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 03-10-2023 | 11-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 03-10-2023 | 11-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.മായ.വി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. റോയ്.റ്റി.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. രാജിമോൾ.പി.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. സിജി ജോൺ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഡി വിശംഭരൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. സജി പി ആർ | സെക്രട്ടറി | 01-04-2022 | 09-10-2022 |
| ശ്രീ. സാബുമോൻ കെ | സെക്രട്ടറി | 10-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. പിന്റു റോയ് വട്ടക്കുന്നേൽ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. ദിലീപ് | മെഡിക്കൽ ഓഫീസർ, സി എച്ച് സി | 01-04-2022 | 12-06-2022 |
| ഡോ. വിജിത് വിജയൻ | മെഡിക്കൽ ഓഫീസർ, സി എച്ച് സി | 13-06-2022 | 19-01-2023 |
| ഡോ. അമ്പിളി എ | മെഡിക്കൽ ഓഫീസർ, സി എച്ച് സി | 20-01-2023 | 31-03-2023 |
| ഡോ.അശ്വതി എം | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 20-06-2022 |
| ഡോ. ആര്യ കൃഷ്ണൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 21-06-2022 | 31-03-2023 |
| ഡോ. ടോണി തോപ്പിൽ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി. സ്വപ്ന കരുണാകരൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. എം മഹിളാമണി | പ്രധാന അദ്ധ്യാപിക, ഗവ. യു പി എസ്, തൈക്കാട്ടുശ്ശേരി | 01-04-2022 | 31-03-2023 |
| ശ്രീമതി. ബിന്ദു പ്രസാദ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ. പ്രതീഷ് പി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, തൈക്കാട്ടുശ്ശേരി | 01-04-2022 | 31-03-2023 |
| ശ്രീ. സാദിഖ് എ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, പൂച്ചാക്കൽ | 01-04-2022 | 31-03-2023 |
| ശ്രീമതി. മൂല്യ മോഹൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി. പ്രീത വി പ്രഭ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി. മിനിമോൾ വി എസ് | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 30-12-2022 |
| ശ്രീമതി. അനു രാജ് | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 31-12-2022 | 05-02-2023 |
| ശ്രീമതി. ചന്ദന ദിനകരൻ | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 06-02-2023 | 31-03-2023 |
| ശ്രീമതി. മജീഷ എം | അക്രഡിറ്റഡ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-2 |
| 4 | വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | യഥാസമയം ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-4 |
| 6 | ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ തുക തെറ്റായി ചേർത്തിരിക്കുന്നു | 1-1-5 |
| 7 | വാർഷിക കണക്കിൽ തുക തെറ്റായി ചേർത്തിരിക്കുന്നു | 1-1-6 |
| 8 | ഷെഡ്യൂൾ B-4 പ്രകാരമുള്ള നീക്കിയിരുപ്പ് തുക യഥാർത്ഥ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | സ്ഥിര നിക്ഷേപത്തിന്റെ പലിശ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-8 |
| 10 | രജിസ്റ്ററിലെ ഡി.സി.ബി വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 13 | ഗ്രാന്റ് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | ടാക്സ് ഓഡിറ്റ് - അവലോകനം | 1-10 |
| 20 | വസ്തു നികുതി - അപാകതകൾ | 1-11 |
| 21 | വസ്തു നികുതി- പുനർനിർണ്ണയിച്ച് ഈടാക്കിയതിൽ കുറവ് | 1-12 |
| 22 | ലേലം - അപാകതകൾ | 1-13 |
| 23 | പൂച്ചാക്കൽ മാർക്കറ്റ് ഫീസ് പിരിവ് - ലേലത്തുക കുടിശ്ശിക | 1-14 |
| 24 | തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികതി- അപാകതകൾ | 1-15 |
| 25 | ലൈസൻസ് - അപാകതകൾ | 1-16 |
| 26 | ഓഡിറ്റോറിയങ്ങൾ, മറ്റ് വിവിധ സ്ഥാപനങ്ങൾ എന്നിവ ലൈസൻസ് എടുക്കുന്നില്ല | 1-17 |

| | | |
|---|---|---|
| 27 | പഞ്ചായത്തുവക കടമുറികൾ - വാടകയിനത്തിൽ കുടിശ്ശിക | 1-18 |
| 28 | സാമൂഹ്യ ക്ഷേമ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നില്ല - മരണശേഷവും വിതരണം നടത്തുന്നു | 1-19 |
| 29 | കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെൻഡർ നിരസിച്ചതുമൂലം അധികച്ചെലവ് | 1-20 |
| 30 | "മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം" - സ്ഥാപിച്ച 11 ക്യാമറകളും പ്രവർത്തനരഹിതം - 27 ലക്ഷത്തിലധികം രൂപയുടെ പാഴ്ചെലവ് | 1-21 |
| 31 | MGNREGS- വാർഡ് 11ലെ മണിയാതൃക്കൽ - പൊന്നാടി തോട് പുനരുദ്ധാരണം - കയർ ഭൂവസ്ത്രത്തിന് അധികം തുക അനുവദിച്ചു | 1-22 |
| 32 | വിവിധ വാർഡുകളിൽ ഫലവൃക്ഷത്തൈ നടീൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 1-23 |
| 33 | സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ - നടപടിക്രമങ്ങൾ പാലിക്കാതെ വിതരണ സ്ഥാപനത്തെ തെരഞ്ഞെടുത്തു | 1-24 |
| 34 | ആദായനികുതി, ജി എസ് ടി എന്നിവ ഈടാക്കിയില്ല – കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് നഷ്ടം | 1-25 |
| 35 | തോട് പുനരുദ്ധാരണം - എക്സ്കവേറ്റ് ചെയ്ത മണ്ണിന്റെ മൂല്യനിർണ്ണയം നടത്തി ലേലം ചെയ്തില്ല | 1-26 |
| 36 | ആട്ടിൻകൂട് നിർമ്മാണം- പദ്ധതി ആരംഭിച്ച് മൂന്ന് വർഷം പിന്നിട്ടെങ്കിലും പൂർത്തീകരിച്ചിട്ടില്ല | 1-27 |
| 37 | ആശ്രയ പദ്ധതി വിഹിതം-സി.ഡി.എസ് അക്കൗണ്ടിലേക്ക് നൽകിയ തുക ചെലവഴിച്ചിട്ടില്ല | 1-28 |
| 38 | വിവിധ വാർഡുകളിൽ വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ - പൂർത്തീകരണ രേഖകൾ ഹാജരാക്കിയില്ല | 1-29 |
| 39 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നല്കൽ( ജനറൽ) - സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-30 |
| 40 | വീട് വാസയോഗ്യമാക്കൽ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-31 |
| 41 | എസ്സ് സി വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതി നിർവ്വഹണത്തിലെ അപാകത | 1-32 |
| 42 | റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കൽ - പ്രോജക്ട് പൂർത്തീകരിച്ചില്ല | 1-33 |
| 43 | സ്മാർട്ട് അങ്കണവാടി ഒരുക്കൽ - ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങിയതു സംബന്ധിച്ച് | 1-34 |
| 44 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട്- സാധനങ്ങൾ ലഭ്യമായശേഷം കരാറിനായി മുദ്രപ്പത്രം വാങ്ങിയിരിക്കുന്നു | 1-35 |
| 45 | തെരുവു വിളക്കുകളുടെ മെയിന്റനൻസ് - അപാകതകൾ | 1-36 |
| 46 | ഓഡിറ്റ് ഇംപാക്ട് - ആദായനികുതി ഈടാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് | 1-37 |

| | | |
|---|---|---|
| | എൻക്വയറി നൽകിയതിനെത്തുടർന്ന് സ്ഥാപനം തുക ഗ്രാമപഞ്ചായത്തിൽ അടവാക്കി | |
| ഭാഗം **2** | | |
| 1 | തൊഴിൽ നികതി അടവാക്കിയിട്ടില്ല | 2-1 |
| ഭാഗം **3** | | |
| 1 | കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെൻഡർ നിരസിച്ചതുമൂലം അധികച്ചെലവ് | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 29.07.2023-ലെ 1(1) കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 29.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുളള റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് സഞ്ജയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ജയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-4 യഥാസമയം ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

വസ്തുനികുതി, തൊഴിൽ നികുതി മുതലായവയുടെ ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് ഓരോ മാസവും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. വർഷാവസാനം മാത്രമാണ് ലെഡ്ജറിൽ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നത്.

### 1-1-5 ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ തുക തെറ്റായി ചേർത്തിരിക്കുന്നു

സ്റ്റേറ്റ് ബാങ്കിലെ ശുചിത്വ മിഷൻ അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Pass Book Balance 1978409/- രൂപയും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം യഥാർത്ഥ ബാലൻസ് 1965036/- രൂപയുമാണ്.

### 1-1-6 വാർഷിക കണക്കിൽ തുക തെറ്റായി ചേർത്തിരിക്കുന്നു

സ്റ്റേറ്റ് ബാങ്കിലെ തനത് ഫണ്ട് അക്കൗണ്ടിന്റെ ബാങ്ക് പാസ്സ് ബുക്ക് പ്രകാരമുള്ള യഥാർത്ഥ നീക്കിയിരുപ്പ് തുക വാർഷിക കണക്ക് ഷെഡ്യൂൾ RP-40(b)യിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-7 ഷെഡ്യൂൾ B-4 പ്രകാരമുള്ള നീക്കിയിരുപ്പ് തുക യഥാർത്ഥ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരമുള്ള നീക്കിയിരുപ്പ് തുക (8961206) ഷെഡ്യൂൾ B-17, RP-40(b) എന്നിവ പ്രകാരമുള്ള യഥാർത്ഥ നീക്കിയിരുപ്പ് തുകയുമായി (8766568) പൊരുത്തപ്പെടുന്നില്ല.

### 1-1-8 സ്ഥിര നിക്ഷേപത്തിന്റെ പലിശ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

സ്ഥിര നിക്ഷേപത്തിന്റെ പലിശ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. മുൻവർഷത്തെ നീക്കിയിരുപ്പ് തന്നെയാണ് തൻവർഷത്തെ ബാലൻസ് ഷീറ്റിലും കാണിച്ചിട്ടുള്ളത്.

### 1-1-9 രജിസ്റ്ററിലെ ഡി.സി.ബി വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

കെട്ടിട വാടക രജിസ്റ്ററിലെ വാർഷിക ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 30.03.2022 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 27.03.2023 -ലെ തീരുമാനം നം. 1(1) പ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. പുതുക്കിയ ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 194840400 | 197801500 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെന്റിച്ചർ) | 127998014 | 134736746 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 18399130 |
| വരവ് | 33434077 |
| ആകെ | 51833207 |
| ചെലവ് | 36321071 |
| നീക്കിയിരിപ്പ് | 15512136 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 17567000 | 17567000 | 17091520 | 475480(ലാപ്സ്ഡ്) |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 5963000 | 5963000 | 5542847 | 420153 (ലാപ്സ്ഡ്) |
| വികസനഫണ്ട് ടി എസ് പി | 0 | 116000 | 116000 | 114791 | 1209 (ലാപ്സ്ഡ്) |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | 0 | 3066300 | 3066300 | 1350571 | 1715729 (ലാപ്സ്ഡ്) |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | 0 | 4886000 | 4886000 | 3469877 | 1416123(ലാപ്സ്ഡ്) |

| | | | | | |
|---|---|---|---|---|---|
| 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) ട്രഷറി | 0 | 1849 | 1849 | 0 | 1849 (ലാപ്സ്ഡ്) |
| 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) ബാങ്ക് | 5612000 | 5979000 | 11591000 | 4549071 | 7041929 (ബാങ്ക്) |
| 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ബേസിക്) ട്രഷറി | 0 | 0 | 0 | 0 | 0 |
| 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ബേസിക്) ബാങ്ക് | 3495001 | 4270759 (പലിശ ഉൾപ്പെടെ) | 7765760 | 5846483 | 1919277 (ബാങ്ക്) |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 135 | 143189753 | 53 | 42922195 | 45 | 37 | 39.25 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | | | | | |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 163 | 880222 | 880385 | 880385 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 40313615 | 40313615 | 40313615 | 0 |
| ആകെ | 163 | 41193837 | 41194000 | 41194000 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 67020 | 39 |
| കർഷകതൊഴിലാളി പെൻഷൻ | 4946600 | 383 |
| വിധവാപെൻഷൻ | 8216700 | 714 |
| വാർദ്ധക്യകാല പെൻഷൻ | 18843000 | 1912 |
| വികലാംഗ പെൻഷൻ | 2801100 | 228 |

| | | |
|---|---|---|
| അവിവാഹിത പെൻഷൻ | 814400 | 70 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 90000 | 3 |

1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.10.2023 തീയതിയിൽ 2.45 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5192/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തുകളുടെ ഭരണനിർവ്വഹണവും ആഭ്യന്തരനിയന്ത്രണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുമായി 02.07.2009-ലെ ജി.ഒ(എം.എസ്.) 123/2009/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണെങ്കിലും ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തിയിട്ടില്ല.
2. പഞ്ചായത്തിന് ലഭിക്കേണ്ട തനതുവരുമാനം പൂർണ്ണമായി ഈടാക്കുന്നതിൽ വീഴ്ച വരുത്തുന്നുണ്ട്.
3. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നില്ല.
5. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
6. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

1-10 ടാക്സ് ഓഡിറ്റ് - അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിൽ ടാക്സ് ഓഡിറ്റ് നടത്തിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രകാരവുമുള്ള വരവും വാർഷികക്കണക്ക് പ്രകാരവുമുള്ള വരവും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം(₹) A | വാർഷിക കണക്ക് പ്രകാരമുള്ള വരവ്(₹)B | ബജറ്റും വരവും തമ്മിലുള്ള വ്യത്യാസം(₹) B-A |
|---|---|---|---|

| | | | |
|---|---|---|---|
| വസ്തു നികുതി (തൻവർഷം) | 2600000 | 2503046 | -96954 |
| തൊഴിൽ നികുതി (തൻവർഷം) | 1300000 | 1216017 | -83983 |
| വാടക വരവ് | 1695200 | 1329432 | -365768 |
| ഫീ & യൂസർ ചാർജ് | 1914200 | 926154 | -988046 |
| സെയിൽ & ഹയർ ചാർജസ് | 309000 | 100435 | -208565 |
| നിക്ഷേപങ്ങളിൽ നിന്നുള്ള വരവ് | 850000 | 0 | -850000 |
| പലിശ ലഭിച്ചത് | 100000 | 46573 | -53427 |
| മറ്റു വരവുകൾ | 60000 | 15609 | -44391 |
| ആകെ | 8828400 | 6137266 | -2691134 |

ബജറ്റും യഥാർത്ഥ വരവുകളും തമ്മിൽ വലിയ അന്തരമുണ്ട്.

വസ്തു നികുതി കുടിശ്ശിക നിവാരണത്തിനായി ക്യാമ്പ് കളക്ഷൻ സംഘടിപ്പിക്കൽ, മറ്റു പ്രചാരണ നടപടികൾ എന്നിവ സ്വീകരിച്ചിരുന്നതായി ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ പ്രകാരം വസ്തുനികുതി പരിഷ്കരിക്കുന്നതിന് 14.09.2023 ൽ തീരുമാനമെടുത്തിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്താത്തതിനാൽ പുതിയ നികുതി നിരക്കുകൾ പ്രാബല്യത്തിലായിട്ടില്ല.

സർക്കാർ ഉത്തരവ് (കൈ) നം.85/2023/lsgd/31.3.23 പ്രകാരം 10.04.2023 മുതൽ വർദ്ധിപ്പിച്ച നിരക്കിൽ പെർമിറ്റ് അപേക്ഷാ ഫീ, പെർമിറ്റ് ഫീ എന്നിവ ഈടാക്കുന്നുണ്ട്.

സ.ഉ(കൈ) നം. 117/2022/lsgd തീയതി 01.06.2022 നമ്പർ സർക്കുലർ പ്രകാരം കുടിശ്ശികയും ആയത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

സ.ഉ(കൈ) നം. 117/2022/lsgd തീയതി 01.06.2022 നമ്പർ സർക്കുലർ പ്രകാരം നികുതിയിനങ്ങളുടെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് മൂന്നു മാസത്തിലൊരിക്കൽ ഭരണസമിതി യോഗങ്ങളിൽ സമർപ്പിക്കാറില്ലെന്നും നികുതി- നികുതിയേതര വരവുകളുടെ അവലോകനം മൂന്നു മാസത്തിലൊരിക്കൽ ഗ്രാമസഭയിൽ നടത്തിയിട്ടില്ലെന്നുമാണ് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുള്ളത്.

ഓരോ കെട്ടിടവിഭാഗത്തിന്റെയും അടിസ്ഥാന നിരക്കുകൾ, മേഖല വിഭജനം എന്നിവ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

2022-23 ൽ നിർമ്മാണം പൂർത്തീകരിച്ച് നമ്പറിംഗ്/ക്രമവത്കരണം എന്നിവയ്ക്കായി ലഭിച്ച അപേക്ഷകളിൽ 1 എണ്ണം തീർപ്പുകൽപ്പിക്കാതെയുണ്ട്.

മേഖലകളെ സംബന്ധിച്ച വിവരങ്ങൾ മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ വിഭാഗം സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല.

ടർഫ്, കേബിൾ ടി.വി. നെറ്റ്‌വർക്ക് തുടങ്ങിയവയിൽ നിന്നും വിനോദനികുതി ഈടാക്കുന്നില്ല.

പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവരിൽ സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, എഞ്ചിനീയർമാർ, റേഷൻകട വ്യാപാരികൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ലഭ്യമാകുന്നില്ല. ഇവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് സൂക്ഷിക്കുന്നില്ല.

വസ്തു നികുതിയിന്മേൽ സേവന ഉപനികുതി നിലവിൽ ഈടാക്കുന്നില്ല. ഈടാക്കുന്നത് സംബന്ധിച്ച്

തീരുമാനങ്ങളൊന്നും എടുത്തിട്ടുമില്ല.
നിരവധി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
സ്റ്റുഡിയോകൾ, സ്ക്രാപ്പ് ഡീലർമാർ, കാറ്ററിംഗ് സ്ഥാപനങ്ങൾ, ഡ്രൈവിംഗ് സ്കൂൾ, ഇറച്ചിക്കോഴി/ ഇറച്ചിക്കടകൾ, അക്ഷയ സെൻ്ററുകൾ, പാൽ സൊസൈറ്റികൾ, റേഷൻകടകൾ, വാഹന വർക്ക്ഷോപ്പ്, വാഹന സ്പെയർപാർട്സ്, ബ്യൂട്ടിപാർലർ, സിമൻ്റ്/കെട്ടിട നിർമ്മാണ സാമഗ്രികൾ വില്പനശാലകൾ തുടങ്ങി ഗ്രാമപഞ്ചായത്തിലെ എല്ലാ വ്യാപാരികളും ലൈസൻസ് എടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചാൽ നികുതി, നികുതിയേതര വരവുകൾ വർദ്ധിപ്പിക്കാവുന്നതാണ്.

സഞ്ചയയിൽ വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളതിൽ ഓരോ വാർഡിലും 15$M^2$ ൽ താഴെയായി നിരവധി കെട്ടിടങ്ങൾ പാർപ്പിടാവശ്യത്തിനാണെന്ന് കാണിച്ച് നമ്പർ നല്കിയിട്ടുള്ളതായി കാണുന്നു.
സഞ്ചയയിൽ വളരെ കുറഞ്ഞ വിസ്തൃതിയിൽ വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള നിരവധി വീടുകൾ കൂടിയ വിസ്തൃതിയിൽ പുനർ നിർമ്മിച്ചിട്ടുള്ളതായി നേരിട്ടന്വേഷിച്ചതിൽ അറിയുവാൻ സാധിച്ചിട്ടുണ്ട്. സഞ്ചയ പ്രകാരം എല്ലാ വാർഡുകളിലും ഇപ്രകാരം വളരെകുറഞ്ഞ വിസ്തൃതിയിൽ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾ ധാരാളമുണ്ട്. ഫീൽഡ് പരിശോധന നടത്തി പുനർനിർമ്മിച്ച കെട്ടിടങ്ങളുടെ പുതിയ വസ്തുനികുതി നിർണ്ണയിക്കാത്തതുമൂലം വസ്തുനികുതിയിൽ ഗ്രാമപഞ്ചായത്തിന് വലിയ വരുമാന നഷ്ടമുണ്ടാകുന്നുണ്ട്(വിശദാംശങ്ങൾ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്).
ഗ്രാമപഞ്ചായത്തിലെ വാണിജ്യാവശ്യത്തിന് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ പലതും ലൈസൻസ് എടുക്കുന്നില്ല. ഉദാഹരണമായി 11-ാം വാർഡിൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 100$M^2$ ന താഴെ വിഭാഗത്തിൽ 95 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നമ്പർ നല്കിയിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് എഴുതി സൂക്ഷിക്കുന്ന തൻവർഷ വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റിൽ എല്ലാ വിഭാഗത്തിലുമായി ആകെ 22 പേർ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇപ്രകാരം എല്ലാ വാർഡിലുമായി നിരവധി വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെയാണ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. തന്മൂലം ഗ്രാമപഞ്ചായത്തിന് ലൈസൻസ് ഫീ ഇനത്തിലും തൊഴിൽനികുതി ഇനത്തിലും മറ്റു ഫീസുകളുമായി ലക്ഷക്കണക്കിന് രൂപയുടെ വരുമാന നഷ്ടമുണ്ടാകുന്നുണ്ട്.

## 1-11 വസ്തു നികുതി - അപാകതകൾ

തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. പ്രഥമമേഖലയിൽ ഉൾപ്പെട്ട ചേർത്തല അരൂക്കുറ്റി റോഡിനഭിമുഖമായിട്ടുള്ള SCB 275 സഹകരണ സംഘത്തിൻ്റെ 8/1 A മുതൽ H വരെ നമ്പർ നല്കിയിട്ടുള്ള ആകെ 420.38$M^2$ വിസ്തൃതിയുള്ള കെട്ടിടത്തിന് 10% മേഖലാ ഇളവു നല്കിയും മേൽത്തരം തറനിർമ്മിതിക്കാവശ്യമായ 15% വർദ്ധനവ് നല്കാതെയുമാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.

2. പ്രഥമമേഖലയിലുൾപ്പെട്ട മാക്കേക്കടവ്- കുരിശുകടവ് റോഡിനഭിമുഖമായുള്ള 11/241 B മുതൽ J വരെയായി 192.68 $M^2$ വിസ്തൃതിയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് തൃതീയ മേഖലയ്ക്ക് ബാധകമായ 20% ഇളവ് നല്കിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.

3. പ്രഥമമേഖലയിലുൾപ്പെട്ട മാക്കേക്കടവ്- കുരിശുകടവ് റോഡിനഭിമുഖമായുള്ള 11/221 A മുതൽ I വരെയായി 157.45 $M^2$ വിസ്തൃതിയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് തൃതീയ മേഖലയ്ക്ക്

ബാധകമായ 20% ഇളവ് നല്കിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.

4. പ്രഥമമേഖലയിലുൾപ്പെട്ട മാക്കേക്കടവ്- കുരിശുകടവ് റോഡിനഭിമുഖമായുള്ള 11/223 A മുതൽ Q വരെയുള്ള 386.54 $M^2$ വിസ്തൃതിയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് മേൽത്തരം തറനിർമ്മിതിക്കാവശ്യമായ 15% വർദ്ധനവ് നല്കാതെയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട നം./ ഉടമ | വിസ്തൃതി($M^2$) | അടിസ്ഥാന നികുതി | കുറവായി നല്കിയത് (മേഖല /തറനിർമ്മിതി) | വർദ്ധനവ് വരുത്തേണ്ടത് (മേഖല / തറ നിർമ്മിതി) | നികുതിയിൽ വന്ന കുറവ് |
|---|---|---|---|---|---|---|
| A | B | C | D | E | F | G (E+F) |
| 1 | 8/1 A - SCB 275 | 111.65 | 30X111.65 =3349.5 | 3349.5X10% =334.95 | 3349.5X20%+15% =1172.32 | 1507/- |
| | 8/1 B മുതൽ H വരെ - SCB 275 | 308.73 | 70X308.73 =21611.1 | 21611.1X10% =2161.11 | 21611.1X20%+15% =7563.88 | 9725/- |
| 2 | 11/241 B മുതൽ Jവരെ- രതീഷ്, കീക്കര, തൈക്കാട്ടുശ്ശേരി | 192.68 | 50X192.68 =9634 | 9634X20% =1926.00 | 9634X20% =1926 | 3852/- |
| 3 | 11/221 A മുതൽ I വരെ - ഗീത വി., പുതുക്കാട്ടിൽ വീട്, തൈക്കാട്ടുശ്ശേരി | 157.45 $M^2$ | 50X157.45 =7872.50 | 7872.50X20% =1574.5 | 7872.50X20% =1574.5 | 3149/- |
| 4 | 11/223 A മുതൽ Q വരെ - ചന്ദ്രശേഖരൻനായർ, പുതുക്കാട്ടുചിറയിൽ, തൈക്കാട്ടുശ്ശേരി | 386.54 $M^2$ | 70X386.54 =27057.80 | -- | 27057.80X 15%=4058.67 | 4059/- |

5. സഞ്ചയയിലെ വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളതിൽ ഓരോ വാർഡിലും 15$M^2$ ൽ താഴെയായി നിരവധി കെട്ടിടങ്ങൾ പാർപ്പിടാവശ്യത്തിനാണെന്ന് കാണിച്ച് നമ്പർ നല്കിയിട്ടുള്ളതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1/24A – 15$M^2$, 1/94A-6$M^2$, 1/113-6$M^2$, 1/118-6$M^2$, 1/129-6$M^2$, 1/133-6$M^2$, 1/149-6$M^2$, 1/350A-5$M^2$, 15/184A-4$M^2$, 15/49-9$M^2$, 15/132-5$M^2$, 15/49-9$M^2$

സഞ്ചയയിൽ വളരെ കുറഞ്ഞ വിസ്തൃതിയിൽ വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള നിരവധി വീടുകൾ കൂടിയ വിസ്തൃതിയിൽ പുനർ നിർമ്മിച്ചിട്ടുള്ളതായി നേരിട്ടന്വേഷിച്ചതിൽ അറിയുവാൻ സാധിച്ചിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും ചട്ടങ്ങൾ) ചട്ടങ്ങളിൽ

2013 ൽ വരുത്തിയ ഭേദഗതി പ്രകാരം മേൽ ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം ഒരു കെട്ടിടം പണിയുകയോ പുതുക്കി പണിയുകയോ ചെയ്തതിന് 15 ദിവസത്തിനകം സെക്രട്ടറിയ്ക്ക് നോട്ടീസും 11-ാം ചട്ടപ്രകാരമുള്ള നികുതി റിട്ടേണും നൽകേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിക്ക് 500/- രൂപ പിഴ ചുമത്താവുന്നതും കെട്ടിടനിർമ്മാണം പൂർത്തീകരിച്ച അർദ്ധവർഷാരംഭം മുതൽ പുതിയ നിരക്കിൽ വസ്തുനികുതി അടവാക്കാൻ കെട്ടിട ഉടമ ബാധ്യസ്ഥനമാണ്.

മേൽ ചട്ടം 17(1) പ്രകാരം വസ്തുനികുതി നിർണ്ണയിക്കപ്പെട്ടശേഷം കെട്ടിടത്തിന്റെ തറവിസ്തൃതിയിലോ ഉപയോഗക്രമത്തിലോ മാറ്റം വരുത്തുന്ന/സ്വാഭാവികമായി വരുന്ന മാറ്റം 30 ദിവസത്തിനകം സെക്രട്ടറിയെ അറിയിക്കേണ്ടതും 11-ാം ചട്ടപ്രകാരമുള്ള പുതുക്കിയ നികുതി റിട്ടേണും നൽകേണ്ടതുമാണ്. ഇപ്രകാരം ചെയ്യാത്തപക്ഷം സെക്രട്ടറിക്ക് കെട്ടിട ഉടമയിൽ നിന്നും 1000/- രൂപയോ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവോ ഏതാണ് അധികം ആ തുക പിഴയായി ചുമത്താവുന്നതുമാണ്.

പുനർനിർമ്മിച്ച കെട്ടിടങ്ങളുടെ/വസ്തുനികുതി നിർണ്ണയിച്ചശേഷം തറവിസ്തൃതിയിൽ മാറ്റം വരുത്തിയ വിവരം, കെട്ടിട ഉടമ അറിയിക്കാത്തതിനാൽ വസ്തുനികുതി പുതുക്കി നിർണ്ണയിക്കാത്തതുമൂലം ഗ്രാമപഞ്ചായത്തിന് ലക്ഷക്കണക്കിന് രൂപയുടെ വരുമാന നഷ്ടമുണ്ടാകുന്നുണ്ട്. ഇതു സംബന്ധിച്ച് വാർഡ്തല ചുമതലയുള്ള ക്ലർക്കുമാർ ഫീൽഡ് പരിശോധന നടത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കുവാനും മറ്റ് അപാകതകൾക്ക് വിശദീകരണം തേടിയും നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.24/10.10.23) മറുപടി ലഭ്യമാക്കിയില്ല.

എല്ലാ വാർഡുകളിലും ഇപ്രകാരം വളരെകുറഞ്ഞ വിസ്തൃതിയിൽ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾ ധാരാളമുണ്ട്. 2023-24 സാമ്പത്തികവർഷത്തിൽ വസ്തുനികുതി പരിഷ്കരിച്ച് സർക്കാർ ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ ഫീൽഡ് പരിശോധന നടത്തി വിസ്തൃതിയിൽ മാറ്റം വരുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിച്ച് പുനർനിർമ്മിച്ച തീയതി മുതൽ വസ്തുനികുതി ഈടാക്കേണ്ടതുമാണ്.

മേൽ സൂചിപ്പിച്ചിട്ടുള്ള പട്ടികയിലെ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് വസ്തു നികുതി നിർണ്ണയിച്ച വർഷം മുതലുള്ള കുടിശ്ശിക മറ്റു ഫീസുകൾ സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-12 വസ്തു നികുതി- പുനർനിർണ്ണയിച്ച് ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിലെ 9/214 B,C,D എന്നീ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ സംബന്ധിച്ച് 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. ആയത് പ്രകാരം മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി സഞ്ചയയിൽ പുനർനിർണ്ണയിച്ചതിൽ, വസ്തുനികുതി നിർണ്ണയിച്ച 2016-17 മുതൽ പുനർനിർണ്ണയിച്ച് ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും 2022-23 ലെ വസ്തു നികുതി മാത്രമാണ് പുനർ നിർണ്ണയിച്ച നിരക്കിൽ ഈടാക്കിയിട്ടുള്ളത് (രസീത് നം.3321/15,16,17). മുൻവർഷകുടിശ്ശിക നിൽക്കെ പുതിയ വർഷത്തെ നികുതി ഈടാക്കിയത് ക്രമവിരുദ്ധമാണ്. കൂടാതെ ഈ കെട്ടിടങ്ങൾ പ്രഥമമേഖലയിൽ വരുന്നതും 5 മീറ്ററിൽ കൂടുതൽ വീതിയുള്ളതുമായ തൈക്കാട്ടുശ്ശേരി- കരിശ്ശുകടവ് റോഡിലേക്ക് പ്രവേശനമാർഗ്ഗമുള്ളതുമാണ്. ആയതിന് അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതിനുപകരം ദ്വിതീയമേഖലയ്ക്ക് ബാധകമായ 10% ഇളവ് നല്കുകയാണ് ചെയ്തിട്ടുള്ളത്. തന്മൂലം വസ്തുനികുതിയിൽ വലിയ കുറവുണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.29/10.10.23) മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 ലേലം - അപാകതകൾ

ഗ്രാമപഞ്ചായത്ത് നടത്തിയ വിവിധ ലേലങ്ങളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാർഡ് - 6, 8, 12, 13 എന്നിവയിൽ അപകടാവസ്ഥയിൽ നിൽക്കുന്ന പഴയ വാട്ടർടാങ്കുകളും സ്ലക്ചറുകളും ലേലം നടത്തുന്നതിനായി തീരുമാനമെടുത്തിരുന്നെങ്കിലും 8, 13 എന്നീ വാർഡുകളിലേത്

മാത്രമാണ് വാല്യുവേഷൻ നടത്തി ലേലം ചെയ്തിട്ടുള്ളത്. 6, 12 എന്നീ വാർഡുകളിലെ വാട്ടർടാങ്കുകളും സ്ലൂക്ചറുകളും വാല്യൂവേഷൻ നടത്തിയിട്ടുള്ളതായും കാണുന്നില്ല.

2. ശ്രീ. ജോർജ്ജ്, കാട്ടുതറ മാവേലി പുത്തൻപുര എന്നയാളുടെ പുരയിടത്തിൽ വെട്ടി സൂക്ഷിച്ചിരുന്ന ശ്രീ.ജോസഫ് തോമസ്, പുത്തൻചിറ എന്നയാളുടെ പൂവരശ്, മഹാഗണി, തെങ്ങ് എന്നീ മരങ്ങൾ ലേലം ചെയ്യുന്നതിനായി 11.01.2023 ൽ അസി. ഫോറസ്റ്റ് കൺസർവേറ്റർ A4-3699/22 കത്ത് പ്രകാരം 26241/- രൂപയ്ക്ക് വാല്യുവേഷൻ റിപ്പോർട്ട് നല്കിയിട്ടുണ്ട്. ആയതിൽ പല മരങ്ങളും ദ്രവിച്ചുപോയതായി രേഖപ്പെടുത്തി വാല്യുവേഷനിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ലേലം നടത്തിയതിൽ ആരും സംബന്ധിക്കാത്തതിനാൽ 07.07.23ൽ പുനർലേലം നടത്തിയതിൽ ശ്രീ. വിപിൻ കുട്ടപ്പൻ, പള്ളത്തിപ്പറമ്പിൽ എന്നയാൾക്ക് 5500/- രൂപയ്ക്ക് ലേലം ഉറപ്പിക്കുകയുണ്ടായി. ടിയാൻ 2000/- രൂപ നിരതദ്രവ്യം മാത്രമാണ് ഒടുക്കിയിട്ടുള്ളതും. ബാക്കി തുക അടവാക്കുകയോ കരാർ വയ്ക്കുകയോ ചെയ്തിട്ടില്ല. വാല്യുവേഷന്റെ നാലിലൊന്ന് തുകയ്ക്ക് ലേലം നല്കിയിരിക്കുന്നത് സംബന്ധിച്ചും ബാക്കി തുക അടവാക്കാത്തത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25/10.10.23) മറുപടി ലഭ്യമാക്കിയില്ല. ടിയാനിൽ നിന്നും ബാക്കി തുക ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.
സ്വകാര്യഭൂമിയിൽ അപകടാവസ്ഥയിൽ നിന്നിരുന്ന മരം വെട്ടിമാറ്റുന്നതിനായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുക ലേലത്തിൽ നിന്നും ലഭ്യമാകാത്തപക്ഷം വസ്തു ഉടമയിൽ നിന്നും ഈടാക്കുന്നതിനായി നിയമനടപടികൾ സ്വീകരിക്കേണ്ടതും വാല്യുവേഷൻ തുകയിൽ നിന്നും വളരെ കുറഞ്ഞ തുകയ്ക്ക് ലേലം ഉറപ്പിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-14 പൂച്ചാക്കൽ മാർക്കറ്റ് ഫീസ് പിരിവ് - ലേലത്തുക കുടിശ്ശിക

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പൂച്ചാക്കൽ മാർക്കറ്റ് ഫീസ് പിരിവ് 2022-23 വർഷത്തേയ്ക്ക് 90000/- രൂപയ്ക്ക് ലേലം കൊണ്ടിട്ടുള്ള ശ്രീ. തോമസ്, കിഴക്കേ കണ്ണംപറമ്പിൽ എന്നയാൾ ആദ്യഗഡുവായി 20500/- രൂപയും നിരതദ്രവ്യമായ 2000/- രൂപയും മാത്രമാണ് നാളിതുവരെ ഒടുക്കിയിട്ടുള്ളത്. 2022 ജൂൺ, സെപ്തംബർ, ഡിസംബർ മാസങ്ങളിൽ 3 ഗഡുക്കളായി അടവാക്കേണ്ട ബാക്കി തുക അടവാക്കിയിട്ടില്ല. തുക ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25/10.10.23) മറുപടി ലഭ്യമാക്കിയില്ല. തുക പലിശസഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി- അപാകതകൾ

ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. SBI, പൂച്ചാക്കൽ 2-ാം അർദ്ധവർഷം ജീവനക്കാരുടെ തൊഴിൽനികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ അടവാക്കിയില്ല (ആദ്യ അർദ്ധവർഷം 7500/- രൂപ ജീവനക്കാരുടെ തൊഴിൽ നികുതിയും 1250/- രൂപ സ്ഥാപന തൊഴിൽ നികുതിയും അടവാക്കിയിട്ടുണ്ട്).

2. CHC, തൈക്കാട്ടുശ്ശേരിയിലെ താഴെപ്പറയുന്ന ജീവനക്കാർ ആദ്യ അർദ്ധവർഷം തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

സൗമ്യ കെ.എസ്., ലാബ് ടെക്നീഷൻ

അനിതാമോൾ കെ.എൽ, ഫാർമസിസ്റ്റ്

3. കേരള വാട്ടർ അതോറിറ്റിയിലെ താഴെപ്പറയുന്ന ജീവനക്കാർ രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

ശ്രീ. സുരേഷ് ജി., അസി. എഞ്ചിനീയർ

ശ്രീ. ഷാജി. കെ. എ., ഹെഡ് ഓപ്പറേറ്റർ

4. പഞ്ചായത്തിലെ വിവിധ വർക്കുകൾ ഏറ്റെടുത്തിട്ടുള്ള കോൺട്രാക്ടർമാർ

5. റേഷൻകടകൾ (ഒരെണ്ണം ലൈസൻസ് എടുത്തിട്ടുണ്ട്)

6. ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തനം നടത്തിവരുന്ന വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നില്ല. (സൺ പോളിമേഴ്സ്, സതേൺ മിനറൽസ്, ഫ്ലോർ ഡക്കർ, മരോട്ടിക്കൽ കയർ വർക്സ്, റോസ് പെയിന്റ്സ്, പെട്രോൾ പമ്പുകൾ) ഗ്രാമപഞ്ചായത്തിലെ വാണിജ്യാവശ്യത്തിന് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ പലതും ലൈസൻസ് എടുക്കുന്നില്ല. (വിശദാംശങ്ങൾ ഖണ്ഡിക 1-16, 1-17 എന്നിവയിൽ ചേർത്തിട്ടുണ്ട്.) ലൈസൻസ് എടുക്കാത്തതിനാൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഇനത്തിലും വരുമാന നഷ്ടമുണ്ടാകുന്നുണ്ട്.

തൊഴിൽനികുതി ഈടാക്കാത്തത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.27/10.10.23) മറുപടി ലഭ്യമാക്കിയില്ല.

ക്രമ നം.1 ലെ എസ്.ബി.ഐ. ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഇനത്തിൽ 9000/- രൂപ ഈടാക്കി അറിയിക്കേണ്ടതാണ്. ക്രമ നം. 2,3 എന്നിവയിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരാണെങ്കിൽ നികുതി ഈടാക്കി വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

മറ്റു സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ലൈസൻസ് - അപാകതകൾ

1) ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം ആകെ 377 പേരാണ് ഡി. & ഒ. ലൈസൻസ് എടുത്തിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 541 ട്രേഡേഴ്സുണ്ട്. ഇതു പ്രകാരം തന്നെ 164 പേർ ലൈസൻസ് എടുത്തിട്ടില്ല. 164 പേരുടെ ലൈസൻസ് ഇനത്തിലും തൊഴിൽ നികുതി ഇനത്തിലുമായി പഞ്ചായത്തിന് ലക്ഷക്കണക്കിന് രൂപയുടെ വരുമാന നഷ്ടമുണ്ട്.

2) വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല. ഡി. & ഒ. ലൈസൻസ് എടുത്തിട്ടുള്ള പല സ്ഥാപനങ്ങളും വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഉദാ – 4/337, 338, 367, 7/423.

3) വാണിജ്യാവശ്യത്തിനായി നമ്പർ നല്കിയിട്ടുള്ള ഓരോ വാർഡിലെയും വിവിധ കെട്ടിടങ്ങളും ചില കെട്ടിടങ്ങളിലെ പല കടമുറികളും വാർഡുതല ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. – ഉദാ:-9/58A, 9/326, 11/391.

ഗ്രാമപഞ്ചായത്തിലെ വാണിജ്യാവശ്യത്തിന് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ പലതും ഡി. & ഒ. ലൈസൻസ് എടുക്കുന്നില്ല. ഉദാഹരണമായി 11-ാം വാർഡിൽ സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 100$M^2$ ന താഴെ വിഭാഗത്തിൽ 95 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നമ്പർ നല്കിയിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് എഴുതി സൂക്ഷിക്കുന്ന തൻവർഷ വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റിൽ എല്ലാ വിഭാഗത്തിലുമായി ടി വാർഡിൽ ആകെ 22 പേർ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇപ്രകാരം എല്ലാ വാർഡിലുമായി നിരവധി വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെയാണ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. തന്മൂലം ഗ്രാമപഞ്ചായത്തിന് ലൈസൻസ് ഫീ ഇനത്തിലും തൊഴിൽനികുതി ഇനത്തിലും മറ്റു ഫീസുകളുമായി ലക്ഷക്കണക്കിന് രൂപയുടെ വരുമാന നഷ്ടമുണ്ടാകുന്നുണ്ട്.

4) 9/393-ാം നമ്പർ കെട്ടിടത്തിൽ (99$m^2$) ദേവി ഭാരത് ഗ്യാസ് ഏജൻസി ഓഫീസ് ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ ഗോഡൗണിന് ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല.

5) 15/468-ാം നമ്പർ കെട്ടിടത്തിൽ അക്ഷയ കേന്ദ്രത്തിനായി ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ ഈ കെട്ടിടം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നികുതി ഒഴിവാക്കപ്പെട്ട കെട്ടിടമാണ്. ഗ്രാമപഞ്ചായത്തിനു മുൻവശം തന്നെയുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ ഈ മുറിയിൽ ഒരു ഫോട്ടോസ്റ്റാറ്റ് സെന്ററാണ് പ്രവർത്തിക്കുന്നത്. നേരിട്ടന്വേഷിച്ചതിൽ ഗ്രാമപഞ്ചായത്തിനു മുൻവശമുള്ള മറ്റൊരു കെട്ടിടത്തിലാണ് 2016 മുതൽ അക്ഷയകേന്ദ്രം പ്രവർത്തിച്ചിരുന്നതെന്നും 2023-24 സാമ്പത്തികവർഷം മറ്റൊരു കെട്ടിടത്തിലേക്ക് മാറിയെന്നും ടി കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിന് ലൈസൻസ് എടുത്തിട്ടില്ല എന്നുമാണ് ഗ്രാമപഞ്ചായത്തിൽ നിന്നും നേരിട്ട് അറിയിച്ചത്. ലൈസൻസ് എടുക്കുന്ന കെട്ടിടത്തിൽ പ്രവർത്തിക്കാതെ മറ്റൊരു കെട്ടിടത്തിൽ സ്ഥാപനം പ്രവർത്തിക്കുന്നത് നിയമവിരുദ്ധമാണ്. ഗ്രാമപഞ്ചായത്തുമായി ദൈനംദിനം ഇടപാടുകൾ നടത്തുന്ന പഞ്ചായത്തിനു സമീപംതന്നെയുള്ള സ്ഥാപനത്തിന് ഇത്തരത്തിൽ ലൈസൻസ് നല്കുന്നത് പഞ്ചായത്ത് അധികാരികളുടെ വീഴ്ചയാണ്.

അപാകതകൾക്ക് വിശദീകരണം തേടി നല്കിയ ഓഡിറ്റ് അന്വേഷണം നം. 8/09.10.23- ന് ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-17 ഓഡിറ്റോറിയങ്ങൾ, മറ്റ് വിവിധ സ്ഥാപനങ്ങൾ എന്നിവ ലൈസൻസ് എടുക്കുന്നില്ല

1) സഞ്ചയ പ്രകാരം ഗ്രാമപഞ്ചായത്തിൽ 8 ഓഡിറ്റോറിയങ്ങൾക്ക് നമ്പർ നല്കിയിട്ടുണ്ടെങ്കിലും ആരുംതന്നെ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് എടുത്തിട്ടില്ല.

1/206 – വികാരി, സെന്റ് ആന്റണീസ് ചർച്ച്
6/265A- വരേകാട് ദേവസ്വം
6/301- നഗരി ശ്രീധർമശാസ്താ ക്ഷേത്രം
9/305A – ഗൗരിനാഥ ക്ഷേത്രം
11/39- തൈക്കാട്ടുശ്ശേരി പുന്നക്കീഴിൽ ദേവസ്വം
12/65-വികാരി, ശ്രാമ്പിക്കൽ സെന്റ് മേരീസ് ചർച്ച്
13/157- വികാരി, സെന്റ് ആന്റണീസ് ചർച്ച്
14/264- വികാരി, സെന്റ് മേരീസ് ചർച്ച്

2) ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾ/കോഴിക്കച്ചവടക്കാർ, ജിംനേഷ്യങ്ങൾ, സ്റ്റുഡിയോകൾ മുതലായവ ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല.

വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.28/10.10.23) മറുപടി ലഭ്യമാക്കിയില്ല. സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നതിനുവേണ്ട മേൽ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-18 പഞ്ചായത്തുവക കടമുറികൾ - വാടകയിനത്തിൽ കുടിശ്ശിക

ഗ്രാമപഞ്ചായത്തു വക കടമുറികൾ വാടകയ്ക്ക് എടുത്തിട്ടുള്ള താഴെപറയുന്ന വ്യക്തികൾക്ക് വാടക കുടിശ്ശികയുള്ളതായി കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഉടമ/കടമുറി | കുടിശ്ശിക കാലയളവ് | പ്രതിമാസ വാടക | ആകെ തുക |
|---|---|---|---|---|
| 1 | രാധാകൃഷ്ണൻ, പുത്തൻവെളി (പഞ്ചാ. | 2023 മാർച്ച് | 1043x1 | 1043 |

| | | | | |
|---|---|---|---|---|
| | ഷോപ്പിംഗ് കോംപ്ലക്സ്- 2-ാം കടമുറി) | | | |
| 2 | ദിനേശൻ, ആര്യത്തറ (പുതിയ കടമുറി) | 2022-23 | 1243x12 | 14916 |
| 3 | അശ്വേന്ദ്രൻ, കാട്ടുതറ (പുതിയ കടമുറി) | 2022-23 | 3150x12 | 37800 |
| | | | ആകെ | 53759/- |

വാടക കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.26/10.10.23) മറുപടി ലഭ്യമാക്കിയില്ല. തുക പലിശസഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-19 സാമൂഹ്യ ക്ഷേമ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നില്ല - മരണശേഷവും വിതരണം നടത്തുന്നു

2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും ഒത്തുനോക്കിയതിൽ മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ സേവന ഡേറ്റാ ബേസിൽനിന്നും യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല. ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും നാളിതുവരെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ല. തന്മൂലം ദേശസാൽകൃത ബാങ്കുകൾ വഴി പെൻഷൻ കൈപ്പറ്റുന്നവരുടെ അക്കൌണ്ടിലേക്കും, വീടുകളിൽ എത്തിച്ചു നൽകുന്നവർക്കുവേണ്ടി സഹകരണ ബാങ്കുകളുടെ അക്കൌണ്ടിലേക്കും പെൻഷണറുടെ മരണശേഷവും തുക വിതരണം ചെയ്തതിന്റെ ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പേര്, അഡ്രസ്സ് | പെൻഷൻ തരം, ഐ.ഡി | മരണപ്പെട്ട തീയതി | അനർഹമായി പെൻഷൻ നൽകിയ കാലയളവ്,തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | നടരാജൻ<br>6/243, ഈരേവെളി, മണപ്പുറം, മണപ്പുറം.P.O, 688558 | വാർദ്ധക്യകാല പെൻഷൻ<br>104300200272 | 15.9.2022 | 10/2022 മുതൽ 06/2023 വരെ<br>9*1600=<br>14400/- | അക്കൗണ്ട് നം<br>67256992096 |
| 2 | പുരഹരൻ<br>8/379, ഫിഷർമെൻ കോളനി, മണപ്പുറം, മണപ്പുറം P. O, 688558 - | വാർദ്ധക്യകാല പെൻഷൻ<br>104300200561 | 09.12.22 | 01/2023 മുതൽ 06/2023 വരെ<br>6*1600=<br>9600/- | അക്കൗണ്ട് നം<br>67256992096 |
| 3 | രാജമ്മ<br>6/487, പുത്തൻ വെളി, മണപ്പുറം, പൂച്ചാക്കൽ P.O, 688526 | വാർദ്ധക്യ കാല പെൻഷൻ<br>104300201844 | 27.10.22 | 11/2022 മുതൽ 06/2023 വരെ<br>8*1600=<br>12800/- | അക്കൗണ്ട് നം<br>67206076344 |
| 4 | കമലമ്മ<br>1/340, ചിറയിൽ പറമ്പിൽ, തൈക്കാട്ടുശ്ശേരി P. O, 688528 | വാർദ്ധക്യ കാല പെൻഷൻ<br>104300201283 | 25.9.2022 | 10/2022 മുതൽ 06/2023 വരെ<br>9*1600=<br>14400/- | അക്കൗണ്ട് നം<br>67331553010 |
| 5 | സുഗതമണി | വാർദ്ധക്യകാല പെൻഷൻ | 21.10.22 | 11/2022 മുതൽ 06/2023 വരെ | അക്കൗണ്ട് നം |

| | | | | | |
|---|---|---|---|---|---|
| | 6/506, പുത്തൻവെളി, മണപ്പുറം. മണപ്പുറം P. O, 688558 | 104300200914 | | 8*1600= 12800/- | 67131081326 |
| 6 | ഓമന.കെ.എ 6/378, വട്ടത്തറ, നഗരി, മണപ്പുറം P. O, 688558 | വാർദ്ധക്യകാല പെൻഷൻ 104300200913 | 28.3.22 | 04/2022 മുതൽ 06/2023 വരെ 15*1600= 24000/- | Direct To Home |
| 7 | തോമസ് 7/137, കാട്ടിപ്പറമ്പിൽ, മണപ്പുറം, മണപ്പുറം P. O, 688558 | വാർദ്ധക്യകാല പെൻഷൻ104300200383 | 31.5.2022 | 06/2022 മുതൽ 06/2023 വരെ 13*1600= 20800/- | അക്കൗണ്ട് നം 67213686284 |
| 8 | സുലൈമാൻ 4/528, പൊൻപുറത്ത്, പൂച്ചാക്കൽ, പൂച്ചാക്കൽ P. O, 688526 | വാർദ്ധക്യകാല പെൻഷൻ 104300200496 | 01.5.2022 | 06/2022 മുതൽ 06/2023 വരെ 13*1600= 20800/- | അക്കൗണ്ട് നം 10510100232988 |

മരണപ്പെട്ടവർക്കും ക്ഷേമപെൻഷൻ വിതരണം ചെയ്യുന്നത് സസ്പെൻഡ് ചെയ്യാതിരുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 18/09.10.2023) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. മുകളിൽ സൂചിപ്പിച്ചിരിക്കുന്നവരുടെ പെൻഷൻ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യേണ്ടതും അനർഹമായ കാലയളവിലേക്ക് നൽകിയ തുക അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കി ഡിബിറ്റി സെല്ലിൽ ഒടുക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതുമാണ്. മരണപ്പെടുന്നവരെയും, നിശ്ചിത മാനദണ്ഡപ്രകാരം അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി സസ്പെൻഡ് ചെയ്യാൻ ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-20 കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെൻഡർ നിരസിച്ചതുമൂലം അധികച്ചെലവ്

പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2007.1 പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളിൽ ടെൻഡർ തുകയോടൊപ്പം അടക്കേണ്ട ഇ എം ഡി യുടെ നിരക്ക് എസ്റ്റിമേറ്റഡ് പി എ സി യുടെ 2.5 % ആണ്. എന്നാൽ ദൈവത്തറ തോട് പുനരുദ്ധാരണം (S0027/23), ആറാട്ടുചാണിയിൽ കാനമുറ്റം തോട് പുനരുദ്ധാരണം (S0028/23) എന്നീ പ്രവൃത്തികളിൽ ഇ എം ഡി തുക അപര്യാപ്തമാണെന്ന കാരണം കാണിച്ച് പഞ്ചായത്ത് കമ്മറ്റിയുടെ 14.02.2022 ലെ തീരുമാനം 1(1) പ്രകാരം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന്റെ ടെൻഡർ നിരസിച്ചതായി കാണുന്നു. പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകളിൽ നിർദ്ദേശിച്ച പ്രകാരമുള്ള ഇ എം ഡി കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. സേവ്യർ സി എം അടച്ചിട്ടും കുറഞ്ഞ ടെൻഡർ നിരസിച്ചത് ഇ എം ഡി കണക്കാക്കുന്നതിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചമൂലമാണ്. കുറഞ്ഞ ടെൻഡർ നിരസിച്ചതുമൂലം 35704 രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശം ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

## 1-21 "മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം" - സ്ഥാപിച്ച 11 ക്യാമറകളും പ്രവർത്തനരഹിതം - 27 ലക്ഷത്തിലധികം രൂപയുടെ പാഴ്ചെലവ്

പൊതു സ്ഥലങ്ങളിൽ മാലിന്യം തള്ളുന്നത് തടയുന്നതിന് പഞ്ചായത്ത് അതിർത്തിയിലെ ഏഴ്

സ്ഥലങ്ങളിൽ 11 നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനും അവ ഓഫീസിലിരുന്ന് നിരീക്ഷിക്കുന്നതിനുമായി 2017-18 വർഷം ആവിഷ്കരിച്ചതും 2018-19ൽ തുടർ പദ്ധതിയായി നടപ്പിലാക്കിയതുമാണ്, "മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം" എന്ന പ്രോജക്ട്.
സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2017-18 ൽ 1061198/- രൂപയും 2018-19 ൽ 1574403 രൂപയുമായി ആകെ 26,35,601/- രൂപ ചെലവഴിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ വൗച്ചർ നം. 21701003/31.03.2018 പ്രകാരം 200000/- രൂപയുമായി ആകെ 28,35,601/- രൂപ ചെലവ് വന്നതായി കാണുന്നു.

11.02.2021 ലെ KECM/SSG/F2(P)/1515/20-21/667 നം. കത്ത് പ്രകാരം 2882974/- രൂപയുടെ ഇൻവോയ്സുകൾ നല്കിയിട്ടുള്ളതായും ഇനിയും 150943/- രൂപ ലഭിക്കാനുള്ളതായും കെൽട്രോൺ അറിയിച്ചിട്ടുണ്ട്. കെൽട്രോൺ ഹാജരാക്കിയ കൈപ്പറ്റുരസീതുകൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും 27.8.2018 മുതൽ 13.08.2020 വരെയായി താഴെപ്പറയും പ്രകാരം 2732035/- രൂപ നല്കിയിട്ടുണ്ട്.

| ക്രമ നം. | രസീത് നം./തീയതി | രസീത് പ്രകാരം തുക നല്കിയ തീയതി | തുക |
|---|---|---|---|
| 1 | SBI1/BR/0798/31.03.2018 | 27.3.2018 | 861198 |
| 2 | SBI1/BR/0551/27.11.2018 | 31.10.18 | 433546 |
| 3 | SBI1/BR/0883/29.03.2019 | 26.03.19 | 380195 |
| 4 | SBI1/BR/0885/33.03.2019 | 26.03.19 | 380467 |
| 5 | SBI1/BR/0905/31.03.2019 | 27.03.19 | 380195 |
| 6 | SBI1/BR/0203/24.09.2020 | 13.08.2020 | 296434 |
| | | ആകെ | 2732035/- |

സുലേഖ ചെലവ് പത്രിക, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവ പ്രകാരമുള്ള ചെലവുതുകയും കെൽട്രോണിൽ നിന്നുള്ള ഇൻവോയ്സ് തുകയും കൈപ്പറ്റ് രസീതിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. യഥാർത്ഥത്തിൽ എത്ര തുകയാണ് കെൽട്രോണിന് നല്കിയിട്ടുള്ളത് എന്ന് വ്യക്തമല്ല.

ഇത്രയും വലിയ തുക ചെലവഴിച്ച ഈ പ്രോജക്ട് പ്രകാരം 7 സ്ഥലത്തായി 11 ക്യാമറകൾ സ്ഥാപിച്ചെങ്കിലും ക്യാമറയുടെ മെയിന്റനൻസിനായി കെൽട്രോൺ പ്രതിനിധികൾ കോവിഡ് മൂലം വാറണ്ടി കാലയളവിൽ എത്താതിരിക്കുകയും ക്യാമറകൾ പ്രവർത്തനരഹിതമാവുകയും തുടർന്ന് വാറണ്ടി കാലാവധി അവസാനിക്കുകയും ചെയ്തു. ക്യാമറകളുടെ പ്രവർത്തനത്തിനായി ഗ്രാമപഞ്ചായത്ത് കെൽട്രോണുമായി AMC ൽ ഏർപ്പെട്ടിരുന്നുമില്ല.
ഗ്രാമപഞ്ചായത്ത് നിരവധി തവണ നേരിട്ട് ആവശ്യപ്പെട്ടെങ്കിലും കെൽട്രോൺ പ്രതിനിധികൾ എത്താതിരുന്നതിനെ തുടർന്ന് 31.03.2023 ൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്ത് കെൽട്രോണിന് കത്ത് നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായിട്ടും ക്യാമറകൾ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. മേൽ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.30/10.10.23) മറുപടി ലഭ്യമാക്കിയില്ല.
ആവശ്യമായ പഠനം നടത്താതെയും ചെലവ് കണക്കാക്കാതെയുമാണ് ക്യാമറകൾ സ്ഥാപിക്കുന്നതിനായുള്ള പ്രോജക്ട് രൂപീകരിച്ചതെന്ന് കാണാം. കെൽട്രോൺ സൈറ്റ് സ്റ്റഡി നടത്തി നല്കിയ എസ്റ്റിമേറ്റിലെ സാധനസാമഗ്രികളുടെ വിലവിവരമോ സാങ്കേതികത്വമോ ഇൻസ്റ്റലേഷൻ ചെലവുകളോ പഠിക്കാതെയും അന്വേഷിക്കാതെയുമാണ് പ്രോജക്ടിനായി സപ്ലൈ ഓർഡർ നല്കിയതെന്നു കാണുന്നു.
ഉദാഹരണമായി, ആദ്യം ലഭ്യമാക്കിയ 2030167/- രൂപയുടെ പ്രൈസ് ഷെഡ്യൂളിൽ 8000 മീറ്റർ പി.വി.സി.

ഇൻസുലേറ്റഡ് സ്റ്റേവയർ ആവശ്യമായി വരുമെന്ന് കണക്കാക്കി മീറ്ററിന് 53/- രൂപ നിരക്കിൽ 5300320/- രൂപയും ആയത് വലിക്കുന്നതിന് മീറ്ററിന് 53/- നിരക്കിൽ 5300320/- രൂപ തന്നെ ചെലവ് വരുന്നതായും കാണിച്ചിട്ടുണ്ട്. ഈ എസ്റ്റിമേറ്റിന്റെ അനുബന്ധമായി ആവശ്യമായി വരുന്നപക്ഷം വേണ്ട സാമഗ്രികളുടെ വിലയായി 12F ഒപ്റ്റിക്കൽ ഫൈബർ കേബിളിന് മീറ്ററിന് 33/- രൂപ നിരക്കും 6F ഒപ്റ്റിക്കൽ ഫൈബർ കേബിളിന് മീറ്ററിന് 21/- രൂപ നിരക്കും വരുമെന്ന് കാണിച്ചിട്ടുണ്ട്. പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ ക്യാമറ സ്ഥാപിച്ച് പഞ്ചായത്ത് ഓഫീസിലിരുന്ന് നിരീക്ഷിക്കുന്ന ഈ പദ്ധതിക്ക് ഒപ്റ്റിക്കൽ ഫൈബർ കേബിൾ അവശ്യഘടകമായിരിക്കെ കെൽട്രോൺ സൈറ്റ് സ്റ്റഡി നടത്തി നല്കിയ എസ്റ്റിമേറ്റിൽ ആയതിന്റെ വില ഉൾപ്പെടുത്തിയിരുന്നില്ല.

എന്നാൽ കെൽട്രോണിന്റെ ഇൻവോയ്സ് നം.20481 പ്രകാരം 5500 മീറ്ററും ഇൻവോയ്സ് നം.210170 പ്രകാരം 1325 മീറ്ററുമായി ആകെ 6825 മീറ്റർ 12F ഒപ്റ്റിക്കൽ ഫൈബർ കേബിളും ഇൻവോയ്സ് നം.20481 പ്രകാരം 3000 മീറ്ററും ഇൻവോയ്സ് നം.210170 പ്രകാരം 632 മീറ്ററുമായി ആകെ 3632 മീറ്റർ 6F ഒപ്റ്റിക്കൽ ഫൈബർ കേബിളും വാങ്ങി. ആകെ 10457 മീറ്റർ കേബിളിന് 33/- ഉം, 21/- ഉം രൂപ നിരക്കിൽ ആകെ 3,01,497/- രൂപ (33X6825 + 3632X21) മാത്രമാണ് ഒപ്റ്റിക്കൽ ഫൈബർ കേബിളിന് വിലവന്നത്. എന്നാൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ വലിക്കുന്നതിനായി, സ്റ്റേവയറിന് മീറ്ററിന് 53/- രൂപ നിരക്കും, Pulling Of Staywire എന്ന ഇനത്തിൽ മീറ്ററിന് 53/- രൂപ നിരക്കും, Laying Of Staywire എന്ന ഇനത്തിനായി മീറ്ററിന് 27/- രൂപ നിരക്കുമായി ആകെ മീറ്ററിന് 137/- രൂപ നിരക്കിൽ 13,90,781/- രൂപ ചെലവ് വന്നു. Pulling Of Staywire, Laying Of Staywire എന്നീ ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നുമില്ല.

കൂടാതെ, ഏറെ മാലിന്യം തള്ളുന്ന രാത്രിയിൽ ക്യാമറകൾ കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നില്ല എന്നും വാഹനത്തിന്റെ ഹെഡ്ലൈറ്റിന്റെ പ്രകാശത്തിൽ വാഹനനമ്പർ കാണാൻ സാധിക്കാത്തതിനാൽ മാലിന്യംതള്ളുന്ന വാഹനത്തിന്റെ വ്യക്തമായ വിവരങ്ങൾ ലഭ്യമായിരുന്നില്ല എന്നുമാണ് പഞ്ചായത്തിൽ നിന്നും നേരിൽ അറിയിച്ചത്.

ഇതിൽ നിന്നും ആവശ്യമായ പഠനം നടത്താതെ ക്യാമറകൾ സ്ഥാപിക്കുന്നതിനായി ഓർഡർ നല്കുകയും എസ്റ്റിമേറ്റും ഇൻവോയ്സുകളും പരിശോധിക്കാതെ തുക അനുവദിക്കുകയുമാണ് ചെയ്തിട്ടുള്ളത് എന്ന് മനസ്സിലാക്കാവുന്നതാണ്.

AMCയിൽ ഏർപ്പെടാത്തതിനാൽ ക്യാമറകളുടെ മെയിന്റനൻസിനായി ഇനിയും ലക്ഷക്കണക്കിന് രൂപ ചെലവ് വരുമെന്നാണ് ഇതു സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ നിന്നും നേരിൽ അറിയിച്ചത്. എന്നാൽ നിലവിൽ ഏറ്റവും ചെലവ് വന്നിട്ടുള്ളത് സാധാരണഗതിയിൽ പെട്ടെന്ന് കേടാവാത്ത കേബിളിനും മറ്റുമാണ്. ക്യാമറകൾ കേടായതാണെങ്കിൽ ആയത് റിപ്പയർ ചെയ്യുകയോ മാറ്റിവയ്ക്കുകയോ ചെയ്യുന്നതിന് അധിക തുക ചെലവഴിക്കേണ്ട സാഹചര്യമില്ല. സാങ്കേതിക പരിശോധനകൾക്കുശേഷം മാത്രം മെയിന്റനൻസ് നടപടികൾ സ്വീകരിക്കാത്തപക്ഷം വീണ്ടും വൻതുക ചെലവഴിക്കേണ്ടതായി വന്നേക്കാം.

ജി.ഒ. (പി.)നം. 65/2018/തസ്വഭവ., തീയതി.13.09.2018 പ്രകാരം 2016 ലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളിലെ ചട്ടം 11, 15 എന്നിവയിൽ വരുത്തിയ ഭേദഗതികൾ പ്രകാരം ഈ ആവശ്യത്തിനായി ക്യാമറകൾ സ്ഥാപിക്കൽ എന്നത് നഗരസഭകളോ അല്ലാത്തപക്ഷം സംസ്ഥാന സർക്കാരോ ഏറ്റെടുക്കേണ്ട പദ്ധതിയാണ്.

നിരത്തുകളിലും തുറസ്സായ സ്ഥലങ്ങളിലും മാലിന്യം തള്ളുന്നത് തടയുന്നതിനായി ക്യാമറകൾ സ്ഥാപിക്കുന്നതിനായി ഏറ്റെടുത്ത 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' എന്ന പദ്ധതിക്കായി ചെലവഴിച്ച 27 ലക്ഷത്തിൽപ്പരം രൂപ പാഴ്ചെലവായതായി ഓഡിറ്റ് വിലയിരുത്തുന്നു.

### 1-22 MGNREGS- വാർഡ് 11ലെ മണിയാത്തുക്കൽ - പൊന്നാടി തോട് പുനരുദ്ധാരണം - കയർ ഭൂവസ്ത്രത്തിന് അധികം തുക അനുവദിച്ചു

വാർഡ് 11ലെ മണിയാത്തുക്കൽ - പൊന്നാട് തോട് പുനരുദ്ധാരണത്തിന്റെ ഭാഗമായി കയർ ഭൂവസ്ത്രം വിരിക്കുന്നതിന് കയർ ബോർഡിൽ നിന്നും 1800 ച.മീ കയർ ഭൂവസ്ത്രം വാങ്ങിയിട്ടുണ്ട്. കയർ ബോർഡിൽ

നിന്നുള്ള ഇൻവോയ്സ് പ്രകാരം ജി.എസ്.ടി ഉൾപ്പെടെ ഒരു ച.മീറ്ററിന് 73.5/- രൂപ നിരക്കിൽ 132300/- രൂപയാണ് നൽകേണ്ടത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ, ച.മീറ്ററിന് 77.17/- എന്ന എസ്റ്റിമേറ്റ് നിരക്ക് പ്രകാരം 1800 ച.മീ കയർ ഭൂവസ്ത്രത്തിന് 138906/- കണക്കാക്കി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുകയും കയർ ബോർഡിന് അനുവദിച്ച് എഫ്.ടി.ഒ ജനറേറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കയർ ഭൂവസ്ത്രത്തിന് ച.മീറ്ററിന് 73.5 രൂപക്ക് പകരം 77.17 രൂപ അനുവദിച്ചതിലൂടെ 6606/- രൂപ അധികം നൽകിയാണ് എഫ്.ടി.ഒ തയ്യാറാക്കിയിട്ടുള്ളത്. ബിൽ പ്രകാരമുള്ള തുക അനുവദിക്കുന്നതിന് പകരം എസ്റ്റിമേറ്റ് നിരക്കിൽ തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.17/9.10.23) നൽകുകയുണ്ടായി. എഫ്.ടി.ഒ ജനറേറ്റ് ചെയ്തിട്ടുണ്ടെങ്കിലും ഫണ്ട് ലഭിച്ചിട്ടില്ലാത്തതിനാൽ തുക കൈമാറിയിട്ടില്ലെന്നും ജില്ലാ കാര്യാലയവുമായി ബന്ധപ്പെട്ട് എഫ്.ടി.ഒ ക്യാൻസൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്നാണ് എൻക്വയറിക്ക് മറുപടി നൽകിയത്. അളവ് പുസ്തകത്തിലും ബില്ലിലും മാറ്റം വരുത്തി നിലവിലെ എഫ്.ടി.ഒ ക്യാൻസൽ ചെയ്ത് പുതിയ എഫ്.ടി.ഒ തയ്യാറാക്കി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

എഫ്.ടി.ഒ നമ്പർ - 140/3.10.23

Mbook – 139/2022-23

Work Code - FP/384426

1-23 വിവിധ വാർഡുകളിൽ ഫലവൃക്ഷത്തൈ നടീൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ.

1) ഒരേ പദ്ധതിക്കായി വ്യത്യസ്ത തരത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ 8 മുതൽ 15 വരെയുള്ള വാർഡുകളിൽ ഫലവൃക്ഷത്തൈ നടുന്നതിനായി തൻവർഷം വിവിധ പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. ടി പ്രോജക്ടുകളുടെ എസ്റ്റിമേറ്റിൽ താഴെപറയുന്ന മൂന്ന് ഇനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

Item 1- Clearing Of Grass And Removal Of Rubbish Upto A Distance Of 50m Outside The Pheriphery Of The Area Cleared.

Item 2 – Earth Work Excavation By Manual Means (Not Exceeding 1.5m Width) In Trenches, Plantation Pits Etc, Lift Upto 0.75m Including Getting Out Of The Excavated Soil And Disposal Of Surplus Excavated Soil With In A Lead Of 10m In All Kinds Of Soil.

Item 3 – Planting, Manuring, Application Of Insecticides, Preparation Of Thawla, Ie Saucer Pit/ Ring Basin, Stick For Supporting The Plant Whereever Required And Watering At Least 15 Litres Of Water Per Plant After Plantation, In All Kinds Of Soil

പുരയിടങ്ങളിൽ വൃക്ഷത്തൈ നട്ട് പരിപാലിക്കുന്നതിനുള്ള പദ്ധതികളിൽ മേൽ പറഞ്ഞിട്ടുള്ള ഇനങ്ങൾ ഉൾപ്പെടുത്തിയാൽ മതിയെന്നിരിക്കെ തൻവർഷം തന്നെ നടപ്പാക്കിയ വാർഡ്-1ൽ വൃക്ഷത്തൈ പരിപാലനമെന്ന (വർക്ക് കോഡ് നം. IF/894168) മറ്റൊരു പദ്ധതിക്കായി എസ്റ്റിമേറ്റിൽ മേൽ ഐറ്റങ്ങൾക്ക് പുറമേ നാലാമതായി Erection Of Live Hedge/brush Wood Fencing Around Plantaion Site Including Collection And Carriage Of Fencing Material എന്ന ഇനം കൂടി ഉൾപ്പെടുത്തിയത് അധികച്ചലവിന് ഇടയാക്കി. വാർഡ്-1ൽ വൃക്ഷത്തൈ പരിപാലനമെന്ന പദ്ധതിയുടെ ആകെ അടങ്കൽ തുക 497204/- രൂപയാണ്. ഇതിൽ 295740/- രൂപയും (951 മനുഷ്യദിനം) വിനിയോഗിച്ചിട്ടുള്ളത് നാലാം ഇനമായ ജൈവവേലി നിർമ്മാണത്തിനാണ്. ഒന്നാം വാർഡിൽ നടപ്പാക്കിയ വൃക്ഷത്തൈ നടീൽ എന്ന പദ്ധതിയുടെ എസ്റ്റിമേറ്റിൽ ജൈവവേലി നിർമ്മാണം ഉൾപ്പെടുത്തിയത് അധികച്ചെലവിന് ഇടയാക്കി. ഗുണഭോക്താക്കളുടെ പുരയിടങ്ങളിൽ നടുന്ന വൃക്ഷത്തൈകൾ പരിപാലിക്കുന്നതിന് ജൈവവേലിയുടെ ആവശ്യമില്ലാത്തതുകൊണ്ടാണ് മേൽ പരാമർശിച്ച പ്രോജക്ടുകളിൽ നിന്നും ടിയിനം

ഒഴിവാക്കിയത്. വാർഡ്-1ൽ വൃക്ഷത്തൈ പരിപാലനമെന്ന (വർക്ക് കോഡ് നം. IF/894168) പദ്ധതിയ്ക്കായി മാത്രം എസ്റ്റിമേറ്റിൽ ജൈവവേലി നിർമ്മാണം ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 31/10.10.23) മറുപടി നൽകിയില്ല. അധികച്ചെലവ് ഉണ്ടാകാത്ത വിധത്തിൽ ഇത്തരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2) പ്രവൃത്തിയുടെ വിവരം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുന്നില്ല.

2022-23 വർഷം നടപ്പാക്കിയിട്ടുള്ള വൃക്ഷത്തൈ പരിപാലന പദ്ധതികൾക്കായി വേതനമിനത്തിൽ താഴെപറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ചെയ്ത പ്രവൃത്തികളുടെ വിവരം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. മസ്റ്റർ റോളിന്റെ അടിസ്ഥാനത്തിൽ വേതനം നൽകുകയാണ് ചെയ്തു വരുന്നത്.

| ക്രമ നം. | പ്രോജക്ടിന്റെ പേര്/വർക്ക് കോഡ് | അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 01 | 8 മുതൽ 15 വരെയുള്ള വാർഡുകളിൽ ട്രീ പ്ലാന്റേഷൻ – ഒന്നാം ഘട്ടം (DP/328682) | 320514 | 312244 |
| 02 | 8 മുതൽ 15 വരെയുള്ള വാർഡുകളിൽ ട്രീ പ്ലാന്റേഷൻ – രണ്ടാം ഘട്ടം (DP/328684) | 320814 | 271814 |
| 03 | വാർഡ്-1ൽ ട്രീ പ്ലാന്റേഷൻ (IF/894168) | 493956 | 475011 |

എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി സൈറ്റിൽ എപ്രകാരം നടപ്പാക്കിയെന്നുള്ളതിന്റെ ആധികാരിക രേഖയാണ് എം ബുക്കിലെ രേഖപ്പെടുത്തലുകൾ. അളവ് പുസ്തകം പ്രകാരം ചെയ്ത പ്രവൃത്തികളുടെ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ തൊഴിൽ ദിനങ്ങൾ കണക്കാക്കി വേതനം അനുവദിക്കാവൂ. എം ബുക്കിൽ ചെയ്ത പ്രവൃത്തികളുടെ വിവരം രേഖപ്പെടുത്താതെ മസ്റ്റർ റോളിന്റെ അടിസ്ഥാനത്തിൽ മാത്രം വേതനം നൽകിയത് ശരിയായ നടപടിയില്ല. സൈറ്റിൽ ചെയ്ത പ്രവൃത്തികളുടെ കൃത്യമായ വിവരം എം ബുക്കിൽ യഥാസമയം രേഖപ്പെടുത്തുന്നുണ്ടെന്നും അത് പ്രകാരമുള്ള വേതനമാണ് മസ്റ്റർ റോൾ പ്രകാരം അനുവദിച്ചിട്ടുള്ളതെന്നും ഉറപ്പാക്കുന്നതിന് ആവശ്യമായ കർശന നടപടി സ്വീകരിക്കേണ്ടതാണ്.

1-24 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ - നടപടിക്രമങ്ങൾ പാലിക്കാതെ വിതരണ സ്ഥാപനത്തെ തെരഞ്ഞെടുത്തു

2022-23 വർഷം ഗ്രാമ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയ വിവിധ പ്രവൃത്തികൾക്ക് സി.ഐ ബോർഡ് വിതരണം നടത്തിയിട്ടുള്ളത് എസ്.പി കൺസ്ട്രക്ഷൻസ് തൈക്കാട്ടുശ്ശേരി, സ്ത്രീശക്തി കൺസ്ട്രക്ഷൻസ് ഗ്രൂപ്പ് തൈക്കാട്ടുശ്ശേരി എന്നിവയാണ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 14-09-2018 ലെ നം.2579/EGS-C/17/REGS ഉത്തരവ് പ്രകാരം ഓരോ ഗ്രാമ പഞ്ചായത്തിലെയും കുടുംബശ്രീ ഗ്രൂപ്പിനെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിനുള്ള ചുമതല ഏൽപ്പിക്കാവുന്നതാണ്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതികൾക്ക് സി.ഐ ബോർഡ് നിർമ്മിച്ച് നൽകുന്നതിന് കുടുംബശ്രീയുടെ കീഴിൽ പ്രവർത്തിക്കുന്ന നിർമ്മാണ യൂണിറ്റായ സ്ത്രീശക്തി കൺസ്ട്രക്ഷൻസ് ഗ്രൂപ്പിനെ പരിഗണിക്കണമെന്ന കുടുംബശ്രീ ഡി.ഡി.എസ് ചെയർപേഴ്സണിന്റെ നിർദ്ദേശത്തെ തുടർന്ന് 20/06/2022ൽ സ്ത്രീശക്തി കൺസ്ട്രക്ഷൻസ് ഗ്രൂപ്പുമായി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുണ്ട്. കരാർ പ്രകാരം ഇവർ സ്ഥാപിക്കുന്ന ചെറിയ ബോർഡുകൾക്ക് 3000/- രൂപയും വലിയ ബോർഡുകൾക്ക് 4000/- രൂപയുമാണ്.

ഫയൽ പരിശോധിച്ചതിൽ, 2022-23 വർഷത്തെ ഭൂരിപക്ഷം പ്രവൃത്തികൾക്കും ബോർഡ് സ്ഥാപിച്ച് നൽകിയിട്ടുള്ളത് എസ്.പി കൺസ്ട്രക്ഷൻസ്, തൈക്കാട്ടുശ്ശേരി എന്ന സ്ഥാപനമാണ്. സ്ത്രീശക്തി കൺസ്ട്രക്ഷൻസ് ഗ്രൂപ്പുമായി ഉണ്ടാക്കിയ കരാറിലെ നിരക്ക് തന്നെയാണ് ടി സ്ഥാപനത്തിനും

നൽകിയിട്ടുള്ളത്. എന്നാൽ തൻവർഷത്തെ പ്രവൃത്തികൾക്ക് ബോർഡ് നിർമ്മിച്ച് നൽകുന്നതിന് ക്വട്ടേഷൻ/ടെണ്ടർ ക്ഷണിക്കുകയോ ടി സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയോ ചെയ്തതായി രേഖയില്ല. ഗ്രാമപഞ്ചായത്തുമായി നിയമാനുസൃതം കരാറിൽ ഏർപ്പെടാത്ത ടി സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകി ബോർഡ് വിതരണം നടത്തുവാൻ ചുമതലപ്പെടുത്തിയത് എപ്രകാരമാണെന്ന് വ്യക്തമാക്കുവാനും. എസ്.പി കൺസ്ട്രക്ഷൻസ് നിലവിൽ ഏതെങ്കിലും കുടുംബശ്രീ ഗ്രൂപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാനും അവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.22/09.10.2023) നൽകുകയുണ്ടായി. എസ്.പി കൺസ്ട്രക്ഷൻസുമായി കരാർ ചമച്ചതിന്റെ രേഖകൾ മുൻവർഷത്തെ പഴയ ഫയലുകളിൽ നിന്നും കണ്ടെത്തി ഹാജരാക്കുന്നതാണ് എന്നാണ് സെക്രട്ടറി മറുപടി നൽകിയത്. അതായത് എസ്.പി കൺസ്ട്രക്ഷൻസ് തൻവർഷം ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടില്ലായെന്ന് വ്യക്തമാണ്.

സ്റ്റോർ പർച്ചേസ് പ്രകാരം ക്വട്ടേഷൻ/ടെണ്ടർ തെരഞ്ഞെടുക്കപ്പെടാത്തതും ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെടുകയും ചെയ്യാത്ത ടി സ്ഥാപനത്തെ സി.ഐ ബോർഡ് വിതരണത്തിനായി ചുമതലപ്പെടുത്തിയത് നടപടിക്രമങ്ങളുടെ ലംഘനമാണ്.

## 1-25 ആദായനികുതി, ജി എസ് ടി എന്നിവ ഈടാക്കിയില്ല - കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് നഷ്ടം

1) പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം - ആദായനികുതി, ജി എസ് ടി എന്നിവ ഈടാക്കിയില്ല

പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം (പ്രോജക്റ്റ് നം. S0009/23) എന്ന പ്രോജക്റ്റിൽ ഉൾപ്പെടുത്തി മിനി എം സി എഫ് നിർമ്മിച്ചുനൽകുന്നതിനായി ടെൻഡർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ JAISON IMPEX (മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, പുലിയന്നൂർ) എന്ന സ്ഥാപനവുമായി 18.03.2023 ൽ കരാറിൽ ഏർപ്പെട്ടു. ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിൽ എം സി എഫ് നിർമ്മിച്ച നൽകിയതിനായി 479252 (406146+GST 73106) രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

കേന്ദ്ര ധനമന്ത്രാലയത്തിന്റെ 13.09.2018ലെ വിജ്ഞാപനം നം.50/2018 Central Tax പ്രകാരം ജി.എസ്.ടി കിഴിവ് നടത്തുവാൻ ബാദ്ധ്യസ്ഥരായ സ്ഥാപനങ്ങൾ 01.10.2018മുതൽ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനുശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2,50,000/-ൽ അധികമായാൽ സ്രോതസ്സിൽനിന്നും ജി.എസ്.ടി 2% കിഴിവ് ചെയ്യേണ്ടതാണ്. സ്ഥാപനത്തിൽ നിന്നും 8123രൂപ ജി എസ് ടി ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഈ വാങ്ങലിൽ ജി.എസ്.ടി ഈടാക്കിയിട്ടില്ല.

1961 ലെ ഇൻകം ടാക്സ് ആക്റ്റിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയിൽ കൂടുതലുള്ള കരാർ പ്രവൃത്തിയിലോ ഒരു സാമ്പത്തികവർഷം ആകെ ഒരു ലക്ഷം രൂപയിൽ കൂടുതൽ വരുന്ന കരാർ പ്രവൃത്തിയിലോ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. 8123 രൂപ പ്രസ്തുത സ്ഥാപനത്തിൽ നിന്നും ആദായനികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ സ്ഥാപനത്തിന് ബിൽ തുക നൽകിയപ്പോൾ ആദായനികുതി ഈടാക്കിയിട്ടില്ല. പ്രസ്തുത വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2/06.10.2023) തുക അടവാക്കുന്നതിന് സ്ഥാപനത്തിന് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്.

ചെലവിന്റെ വിശദാംശം

അടങ്കൽ : 500000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ് : 479252/- Sanction Order No. 327/25.03.2023

Voucher No. XVFC/2022-23/P/129

2) വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും - GST ഈടാക്കിയില്ല

വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ (പ്രോജക്ട് നം. S0045/23) എന്ന പ്രോജക്ടിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും GeM മുഖേന വാങ്ങൽ നടത്തിയതിന് ബിൽ നം. 31/09.02.2023പ്രകാരം 309655രൂപ ആർ ജെ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിനും ബിൽ നം.31/09.02.2023 പ്രകാരം 382200 രൂപ Antrycom Systems Pvt. Limited എന്ന സ്ഥാപനത്തിനും നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | വാങ്ങിയ ഉപകരണങ്ങൾ | എണ്ണം | ഇൻവോയ്സ് നം. | ജി എസ് റ്റി ഒഴികെയുള്ള തുക | ആകെ തുക |
|---|---|---|---|---|---|---|
| 1 | RJ Enterprises | DESKTOP COMPUTER | 5 | RJE02567/2022-23 / 05.01.2023 | 228792/- | 269975/- |
| 2 | “ | HP PRINTER 108A | 2 | RJE02569/2022-23 / 05.01.2023 | 19644/- | 23180/- |
| 3 | “ | HP PRINTER 208DW | 1 | RJE02568/2022-23 / 05.01.2023 | 13983/- | 16500/- |
| | ആകെ | | | | 262419 | 309655 |
| 4 | Antrycom Systems Pvt. Limited | ACER DESKTOP CORE 13 | 7 | ACS/11618 /23/03.03.2023 | 323898/- | 382200/- |

ആർ ജെ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും 5248 രൂപയും Antrycom Systems Pvt. Limited എന്ന സ്ഥാപനത്തിൽനിന്നും 6478 രൂപയും ജി.എസ്.റ്റി ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഈ വാങ്ങലുകളിൽ സ്ഥാപനങ്ങളിൽ നിന്നും ജി എസ് റ്റി ഈടാക്കിയിട്ടില്ല. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/06.10.2023) ലഭ്യമാക്കിയ മറുപടിയോടൊപ്പം സ്ഥാപനങ്ങൾ 18% ജി എസ് ടി അടവാക്കിയതിന്റെ രേഖകളാണ് ഹാജരാക്കിയിട്ടുള്ളത്. എന്നാൽ 2,50,000/- രൂപയിൽ അധികമുള്ള വാങ്ങലുകൾക്ക് ജി എസ് റ്റി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല.

ആദായനികുതി ഇനത്തിൽ 8123 രൂപയുടേയും ജി എസ് ടി ഇനത്തിൽ 19849 (8123+5248+6478) രൂപയുടേയും നഷ്ടമുണ്ടായിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കുണ്ടായ നഷ്ടം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയുടെ ബാദ്ധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 1-26 തോട് പുനരുദ്ധാരണം - എക്സ്കവേറ്റ് ചെയ്ത മണ്ണിന്റെ മൂല്യനിർണ്ണയം നടത്തി ലേലം ചെയ്തില്ല

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം നടപ്പാക്കിയ തോട് പുനരുദ്ധാരണ പ്രവൃത്തികളിൽ എക്സ്കവേറ്റ് ചെയ്ത ഉപയോഗയോഗ്യമായ മണ്ണിന്റെ മൂല്യനിർണ്ണയം നടത്തി ലേലം ചെയ്യുന്നതിന് നടപടി സ്വീകരിച്ചതായി കാണുന്നില്ല. ലഭിച്ച മണ്ണും ചെളിയും ബണ്ട് ബലപ്പെടുത്തുന്നതിന് ഉപയോഗിക്കുന്നതിനായി സെക്രട്ടറിക്ക് കൈമാറിയതായി കാണുന്നു. ബണ്ട് ബലപ്പെടുത്തുന്നതിന് പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ടെങ്കിൽ വിശദാംശം, മണ്ണിന്റെ വിനിയോഗം സംബന്ധിച്ച വിവരം, ഉപയോഗയോഗ്യമായ മണ്ണ് ലേലം ചെയ്യാത്തതിന്റെ കാരണം എന്നിവ വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/09.10.2023) വർഷങ്ങളായി പുനരുദ്ധാരണ പ്രവൃത്തികൾ

നടത്താതിരുന്നത്കൊണ്ട് കൂടുതലായും ചെളിയും മാലിന്യങ്ങളുമാണ് ലഭ്യമായതെന്നും ഉപയോഗയോഗ്യമായ മണ്ണ് വേർതിരിച്ച് അളന്ന് തിട്ടപ്പെടുത്താൻ സാധിക്കാത്ത അവസ്ഥയിലായിരുന്ന ഇവ ലഭ്യമായതെന്നും ബണ്ട് ബലപ്പെടുത്തുന്നതിനും തോടിന്റെ വശങ്ങളിലുള്ള താമസക്കാർക്ക് ഫലപ്രദമായി ഇതു ഉപയോഗിക്കുന്നതിനും പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കി. പഞ്ചായത്ത് കമ്മറ്റിയുടെ 05.03.2022-ലെ 1(2) തീരുമാനപ്രകാരം തോടുകളുടെ വശങ്ങളിൽ താമസിക്കുന്ന ആളുകൾക്ക് തന്നെ ഈ മണ്ണ് ഫലപ്രദമായി ഉപയോഗപ്പെടുത്തി കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കുമായി വിനിയോഗിക്കുന്നതിന് അവരുടെ പേരുവിവരം ഗുണഭോക്തൃലിസ്റ്റായി അംഗീകരിച്ച് തീരുമാനിച്ചതായും അവർ കൃഷി ആവശ്യങ്ങൾക്കും ഭൂമി ബലപ്പെടുത്തുന്നതിനും വിനിയോഗിച്ചിട്ടുള്ളതായും സെക്രട്ടറി മറുപടി ലഭ്യമാക്കി. എക്സ്കവേറ്റ് ചെയ്ത മണ്ണ് ഉപയാഗയോഗ്യമല്ലെന്നുള്ള വിവരമോ എത്ര ശതമാനം മണ്ണ് ഉപയോഗയോഗ്യമാണെന്നുള്ള വിവരമോ അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ഉപയോഗയോഗ്യമായ മണ്ണിന്റെ മൂല്യനിർണ്ണയം നടത്തി ലേലം ചെയ്തിരുന്നെങ്കിൽ തനതുവരുമാനം കുറഞ്ഞ പഞ്ചായത്തിന് വരുമാനമാർഗ്ഗമാകുമായിരുന്നു. തുടർന്ന് ഇത്തരം പ്രവൃത്തികൾ നടപ്പാക്കുമ്പോൾ ഈ സാധ്യത പരിശോധിക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

| പ്രവൃത്തിയുടെ പേര് | കരാറുകാരൻ | എക്സ്കവേറ്റ് ചെയ്ത മണ്ണിന്റെ അളവ് |
|---|---|---|
| ദൈവത്തറ തോട് പുനരുദ്ധാരണം (S0027/23) | ശ്രീ. സജീഷ് സൈമൺ, ചെമ്പനാട്ട്, പെരുമ്പളം | 1481.514m$^3$ |
| ആറാട്ടുചാണിയിൽ - കാനമുറ്റം തോട് പുനരുദ്ധാരണം (S0028/23) | ശ്രീ. ബിജുമോൻ എൻ, മണിയന്തറ, വാരണം പി ഒ | 1204.314m$^3$ |
| മനയ്ക്കൽ - വല്യാറ തോട് പുനരുദ്ധാരണം (S0026/23) | ശ്രീ. സേവ്യർ സി എം, ചെമ്പുളുക്കിൽ, കൊതവറ | 6485.953m$^3$ |
| ചാണിയിൽ വാര്യംവീട് തോട് പുനരുദ്ധാരണം (S0025/23) | ശ്രീ. സേവ്യർ സി എം, ചെമ്പുളുക്കിൽ, കൊതവറ | 955.50m$^3$ |
| കേളമംഗലം - എലിക്കാട്ട് തോട് പുനരുദ്ധാരണം (S0024/23) | ശ്രീ. സേവ്യർ സി എം, ചെമ്പുളുക്കിൽ, കൊതവറ | 5653.066 |
| ആകെ | | 15780.347 |

## 1-27 ആട്ടിൻകൂട് നിർമ്മാണം- പദ്ധതി ആരംഭിച്ച് മൂന്ന് വർഷം പിന്നിട്ടെങ്കിലും പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണം-അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്റ്റിന്റെ പേര് : ആട്ടിൻകൂട് നിർമ്മാണം (S0035/23)

അടങ്കൽ: 370251/-(സംസ്ഥാനാവിഷ്കൃത ഫണ്ട്)

ചെലവ്: 41139/- (ചെക്ക് നം. 572648/20.6.2022)

ഗ്രാമ പഞ്ചായത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 10 ഗുണഭോക്താക്കൾക്ക് ആട്ടിൻകൂട് നിർമ്മിച്ച് നൽകുന്നതിനായി 2020-21 സാമ്പത്തിക വർഷത്തിൽ ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസിൽ നിന്നും 411390 രൂപ സെക്രട്ടറിയുടെ 57052920424(SBIN0070536) നമ്പർ അക്കൗണ്ടിലേക്ക് ലഭിച്ചിട്ടുള്ളതാണ്. എസ്.റ്റി വിഭാഗത്തിൽപ്പെട്ട 10 കുടുംബങ്ങൾക്ക് ആട്ടിൻകൂട് നൽകുന്നതിനാണ് പദ്ധതി വിഭാവനം

ചെയ്തിരുന്നത്. പദ്ധതി പ്രകാരം നാളിതുവരെയായി 2 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. 2021-22 വർഷത്തിൽ ശ്രീ.രാജേഷ്, ചെട്ടുകാട്ടുവെളി എന്ന ഗുണഭോക്താവിനും തൻവർഷം ശ്രീ.വിഷ്ണു യു, അശ്വതിഭവനം എന്ന ഗുണഭോക്താവിനുമാണ് 41139 രൂപ വീതം ആനുകൂല്യം നൽകിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ ആട്ടിൻ കൂട് നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടുള്ളതായി കാണുന്നില്ല. തൻവർഷം ആനുകൂല്യം കൈപ്പറ്റിയ ശ്രീ.വിഷ്ണു യു, അശ്വതിഭവനം എന്ന ഗുണഭോക്താവ് ആട്ടിൻകൂട് നിർമ്മാണം പൂർത്തിയാക്കിയതായും മതിപ്പ് ചെലവ് 42,000 രൂപയെന്ന എൽ.എസ്.ജി.ഡി ഓവർസീയറുടെ സാക്ഷ്യപത്രവും 34876/- രൂപയുടെ വൗച്ചറും ഒരു ഫോട്ടോയും ആണ് ഫയലിൽ ഉള്ളത് . ആയതിന്റെ അടിസ്ഥാനത്തിലാണ് ടിയാൾക്ക് 41139 രൂപ അനുവദിച്ച് നൽകിയിട്ടുള്ളത്. പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും തുക ലഭിച്ച് മൂന്ന് വർഷം പിന്നിട്ടെങ്കിലും ഇപ്പോഴും പദ്ധതി പൂർത്തീകരിച്ചിട്ടില്ല. തുക ചെലവഴിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട് ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസറുടെ കാര്യാലയത്തിൽ നിന്നും 17.4.2021, 28.10.2021 തീയതികളിൽ കത്ത് ലഭിച്ചിട്ടുള്ളതായി ഫയലിൽ കാണുന്നുണ്ട്. പദ്ധതി പൂർത്തീകരണത്തിലെ കാലതാമസം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/09.10.2023) ലഭ്യമാക്കിയ മറുപടിയിൽ, 2020-21 ൽ ഒരു ആട്ടിൻകൂടിന് 41139 രൂപ എന്ന നിരക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതായി അറിയിച്ചെങ്കിലും ആയത് സാധൂകരിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല. ശേഷിക്കുന്ന 8 ഗുണഭോക്താക്കൾക്ക് ആട് വളർത്തൽ ഇല്ലാത്തതിനാലാണ് തുക നൽകാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതിക്കായി തുക ലഭിച്ച് മൂന്ന് വർഷം കഴിഞ്ഞിട്ടും രണ്ട് ഗുണഭോക്താക്കൾക്ക് നൽകിയതൊഴിച്ച് അധികതുകയും ചെലവഴിക്കാത്ത സാഹചര്യത്തിൽ ശേഷിക്കുന്ന തുക വകുപ്പിലേക്ക് തിരികെ അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-28 ആശ്രയ പദ്ധതി വിഹിതം-സി.ഡി.എസ് അക്കൗണ്ടിലേക്ക് നൽകിയ തുക ചെലവഴിച്ചിട്ടില്ല

പ്രോജക്ടിന്റെ പേര് -ആശ്രയ പദ്ധതി വിഹിതം(S0078/23)

അടങ്കൽ: 7 ലക്ഷം(വി.ഫണ്ട്(ജനറൽ) 3 ലക്ഷം, ജില്ലാ പഞ്ചായത്ത് 3 ലക്ഷം,ബ്ലോക്ക് 1 ലക്ഷം )

ചെലവ്: 3 ലക്ഷം(വി.ഫണ്ട്-ജനറൽ)

BRN 625396/27.09.2022,300000

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതി പ്രകാരം 3 ലക്ഷം രൂപ സി.ഡി.എസ്സിന്റെ അക്കൗണ്ടിലേക്ക്(A/c No. 67057578295) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. അഗതികളായവരുടെ ലിസ്റ്റിൽ നിന്നും അർഹരായവർക്ക് ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് നൽകുന്നതിനായാണ് തുക കൈമാറിയിട്ടുള്ളത്. എന്നാൽ തുക ചെലവഴിക്കാതെ ഇപ്പോഴും സി.ഡി.എസ്സിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. തുക ചെലവഴിക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/09.10.2023) ലഭ്യമാക്കിയ മറുപടിയിൽ ഭവന നിർമ്മാണത്തിനായി അർഹതയുള്ള അഗതി ലിസ്റ്റിൽപ്പെട്ട ഒരു ഗുണഭോക്താവിനെ തെരഞ്ഞെടുത്ത് കുടുംബശ്രീ സി.ഡി.എസ് കമ്മിറ്റിയിൽ അംഗീകരിച്ച് എഗ്രിമെന്റ് വയ്ക്കുന്നതാണെന്നറിയിച്ചു. ഗുണഭോക്താവ് ലിസ്റ്റിൽ ഉണ്ടെങ്കിലും തുക നൽകുന്നതിനായി നിലവിൽ പദ്ധതി ആവിഷ്കരിച്ചിട്ടില്ല. തൻവർഷം പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കാത്തപക്ഷം തുക തിരികെ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 വിവിധ വാർഡുകളിൽ വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ - പൂർത്തീകരണ രേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണം – ഗ്രാമപഞ്ചായത്ത് സെക്രട്ടറി

വിവിധ വാർഡുകളിൽ വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ (പ്രോജക്ട് നം. S0139/23) എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ വാർഡ് 3 ലെ ഏലൂർ - കേളമംഗലം, വാർഡ് 14ലെ മാളിയേക്കൽ പനമ്പുകാട് എന്നീ ഭാഗങ്ങളിൽ പുതുതായി വൈദ്യുതി ലൈൻ സ്ഥാപിക്കുന്നതിന് വികസനഫണ്ടിൽ നിന്നും 200000 രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത പ്രവൃത്തികൾക്കായി ആകെ 199000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും കെ എസ് ഇ ബി, പൂച്ചാക്കൽ ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് തുക നൽകുകയും ചെയ്തു. പൂർത്തീകരണ വിവരങ്ങളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/07.10.2023) പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല എന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. 199000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ചെലവ് : 128454/- ബിൽ നം. 63/25.03.2023

70546/- ബിൽ നം. 64/29.03.2023

## 1-30 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നല്കൽ( ജനറൽ) - സർക്കാർ നിർദ്ദേശം പാലിച്ചില്ല

വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി വിതരണം നടത്തുന്നതിനായി ഐ.സി.ഡി.എസ് സൂപ്പർവൈസർ തൻവർഷം രണ്ട് പുതിയ പദ്ധതികളും ഒരു സ്പിൽ ഓവർ പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. പ്രോജക്ട് നം. 101/23, 55/23, 47/23, എന്നിവ പ്രകാരം കാഡ്കോയിൽ നിന്നും 155 കട്ടിലുകൾ വാങ്ങുന്നതിനായി പദ്ധതി വിഹിതത്തിൽ നിന്നും 6,65,517/- രൂപ ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗരേഖയിലെ (ഉത്തരവ് നം.115/2022/ത.സ്വ.ഭ.വ തീയതി. 28.05.2022) ഖണ്ഡിക 7.1.14 (2) പ്രകാരം നിരാലംബരായ 60 വയസ് കഴിഞ്ഞ വയോജങ്ങൾക്കും ശയ്യാവലംബരായ നിർദ്ധന രോഗികൾക്കുമാണ് കട്ടിൽ വാങ്ങി നൽകേണ്ടത്. തൻവർഷം ഈ പദ്ധതി പ്രകാരം കട്ടിൽ കൈപ്പറ്റിയ ഗുണഭോക്താക്കൾ നിരാലംബരാണെന്നൊ, ശയ്യാവലംബരാണെന്നൊ തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
പതിന്നാലാം പദ്ധതി മാർഗ്ഗരേഖ പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് 2022-23 വർഷത്തെ ഗുണഭോക്തൃ നിർണ്ണയവും പദ്ധതികളുടെ ഡാറ്റാ എൻട്രിയും പൂർത്തിയായിരുന്നുവെന്നും നിരാലംബരെ കണ്ടെത്തുന്നതിന് ഹാജരാക്കേണ്ട രേഖകൾ സംബന്ധിച്ച് വ്യക്തതയില്ലായിരുന്നുവെന്നും ആയതിനാലാണ് ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതെന്നുമാണ് ഇതുസംബന്ധിച്ച് ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 15/9.10.23) ഐ.സി.ഡി.എസ്. സൂപ്പർവൈസർ മറുപടി നൽകിയത്.
തുടർവർഷങ്ങളിൽ മാർഗ്ഗരേഖ പാലിച്ച് പദ്ധതി നിർവ്വഹണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 വീട് വാസയോഗ്യമാക്കൽ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണം-വി.ഇ.ഒ (പൂച്ചാക്കൽ സർക്കിൾ)

പ്രോജക്ടിന്റെ പേര് : വീട് വാസയോഗ്യമാക്കൽ എസ് സി (S0108/23)

അടങ്കൽ: 1800000(എസ്.സി.പി)

ചെലവ്: 1350000(എസ്.സി.പി)

BRN.1041130/13.01.23,660000, BRN.1141964/06.02.23,120000, BRN.1243679/25.02.23,90000, BRN. 1294109/06.3.23,60000, BRN.1315881/09.3.23,90000, BRN.1548901/29.3.23,120000, BRN. 1548923/29.3.23,90000, BRN.1548934/29.3.23,60000, BRN.1548946/29.3.23,60000

ടി പദ്ധതിയിൽ, ഭവനപുനരുദ്ധാരണത്തിനായി ഒരു ഗുണഭോക്താവിന് 60,000/- രൂപ വീതമാണ് വകയിരുത്തിയിരുന്നത്. ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി ഓവർസീയർ

സാക്ഷ്യപ്പെടുത്തി കരാർ ചമച്ച് ആദ്യ ഗഡു (30000/- രൂപ) നൽകാവുന്നതും നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് എൽ.എസ്.ജി.ഡി ഓവർസീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ശേഷിക്കുന്ന തുക നൽകുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. ഫയൽ പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകത ചുവടെ ചേർക്കുന്നു.

എ) സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരം വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളത്. എന്നാൽ അപ്രകാരമല്ലാതെ ആനുകൂല്യം നൽകിയിട്ടുണ്ട്. വീടിന്റെ കാലപ്പഴക്കം 8 വർഷത്തിൽ താഴെയാണെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്രം ഫയലിൽ ഉണ്ടെങ്കിലും താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

| പേര് | വീടിന്റെ കാലപ്പഴക്കം | നൽകിയ തുക |
|---|---|---|
| രാമകൃഷ്ണൻ, വടക്കേമൂതാറ്റ്, മണപ്പുറം | 5 വർഷം | 60000 |
| സോമൻ കൈതത്തറ | 6 വർഷം | 60,000 |
| ആകെ | | 120000/- |

ബി) എസ്റ്റിമേറ്റോ പൂർത്തീകരണ സാക്ഷ്യപത്രമോ ഇല്ലാതെ താഴെപ്പറയുന്ന ഗുണഭോക്താവിന് മുഴുവൻ തുകയും നൽകി.

| പേര് | വാർഡ് | നൽകിയ തുക |
|---|---|---|
| മുരളീധരൻ, കണിയാംവെളി | 7 | 60000 |

അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.20/09.10.2023) മറുപടിയിൽ മൂല്യനിർണ്ണയ സാക്ഷ്യപത്രം ഇല്ലാതെ ആനുകൂല്യം നൽകിയ ഗുണഭോക്താവിൽ നിന്നും പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്നറിയിച്ചു. ഗുണഭോക്തൃലിസ്റ്റിൽ അർഹരായ നിരവധി ഗുണഭോക്താക്കൾ ഉണ്ടെന്നിരിക്കെ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നിശ്ചിത കാലപ്പഴക്കമില്ലാത്ത വീടുകളുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനായി ചെലവഴിച്ച 120000/- രൂപയും വാല്യുവേഷൻ ഇല്ലാതെ ആനുകൂല്യം നൽകിയ 60000 രൂപയും ഉൾപ്പെടെ 180000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-32 എസ്സ് സി വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതി നിർവ്വഹണത്തിലെ അപാകത

നിർവ്വഹണം-അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ടിന്റെ പേര് : എസ്സ് സി പഠനമുറി സ്പിൽ ഓവർ(S0046/23)

അടങ്കൽ: 7ലക്ഷം (എസ്.സി.പി 10082,തനത് ഫണ്ട് 689918)

ചെലവ്: 5 ലക്ഷം/- (എസ്.സി.പി 10082,തനത് ഫണ്ട് 489918)

BRN 871119/06.12.22, 10082/-

ചെക്ക് നം. 8291961/25.8.2022, 350000/-

ചെക്ക് നം. 572659/20.12.2022, 89918/-

ചെക്ക് നം. 572662/01.02.2023, 50000/-

സ്പിൽ ഓവറായി നിർവ്വഹണം നടത്തിയ ടി പദ്ധതി പ്രകാരം തൻവർഷം അവസാനഗഡു ആനുകൂല്യം കൈപ്പറ്റിയ ശ്രീമതി. സൗദാമിനി രാജപ്പൻ എന്ന ഗുണഭോക്താവിന്റെ ഫയൽ പരിശോധിച്ചതിൽ

വാല്യുവേഷൻ പ്രകാരം പഠനമുറിക്കായി ആകെ ചെലവ് 199500/- രൂപയാണ്. എന്നാൽ ടിയാൾക്ക് 2 ലക്ഷം രൂപ നൽകിയതായി കാണുന്നു.

കൂടാതെ 2021-22 സാമ്പത്തിക വർഷം പഠനമുറി നിർമ്മിക്കുന്നതിനായി അഡ്വാൻസ് തുക 50,000 രൂപ കൈപ്പറ്റിയ ശ്രീ. രാജേഷ്, മേക്കരവെളി എന്ന ഗുണഭോക്താവ് ഇപ്പോഴും പഠനമുറി നിർമ്മാണം ആരംഭിച്ചിട്ടില്ല.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറിക്ക് (നം.19/09.10.2023) ലഭ്യമാക്കിയ മറുപടിയിൽ, 2021-22 സാമ്പത്തിക വർഷം പഠനമുറിക്കായി അഡ്വാൻസ് തുക കൈപ്പറ്റി നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താവിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചതായി അറിയിച്ചു.

വാല്യുവേഷനിൽ അധികരിച്ച് ഒരു ഗുണഭോക്താവിന് അധികം നൽകിയ 500/- രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. കൂടാതെ അഡ്വാൻസ് തുക കൈപ്പറ്റി നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താവിൽ നിന്നും തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

1-33 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ - പ്രോജക്ട് പൂർത്തീകരിച്ചില്ല

റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ (പ്രോജക്ട് നം. S0029/23) എന്ന പ്രോജക്ടിനായി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 50000 രൂപ വകയിരുത്തിയിരുന്നു. ആർ ട്രാക്ക് മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനായി വിഷ്ണു കെ പി, ഭാർഗവി ഭവൻ, ചാവടിനട എന്നയാളുമായി കരാറിലേർപ്പെടുകയും മസ്റ്റർ റോൾ പ്രകാരം 2022 ഓഗസ്റ്റ് മാസത്തേക്ക് 18500 രൂപ (740x25) നൽകുകയും ചെയ്തിട്ടുണ്ട് (വൌച്ചർ നം. XVFC/2022-23 /P/80/07.10.2022). മസ്റ്റർ റോൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രോജക്ടിന്റെ നിലവിലെ സ്ഥിതി അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/09.10.2023) മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ട് എത്രയും വേഗം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. 18500രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-34 സ്മാർട്ട് അങ്കണവാടി ഒരുക്കൽ - ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങിയതു സംബന്ധിച്ച്

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ സ്മാർട്ട് അങ്കണവാടി ഒരുക്കൽ എന്ന പ്രോജക്ടിനായി കെയ്ക്കോയിൽ നിന്നും ഫർണീച്ചറുകളും കളിയുപകരണങ്ങളും വാങ്ങുന്നതിനായി മെയിന്റനൻസ് ഗ്രാന്റിൽ (റോഡിതരം) നിന്നും 199762/- രൂപ (ബിൽ നം. 03/13.3.23) ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, സ്മാർട്ട് അങ്കണവാടി ഒരുക്കൽ എന്ന പ്രോജക്ടിന്റെ ഭാഗമായി വാങ്ങിയിട്ടുള്ള ട്രോളി സ്പീക്കർ വിത്ത് കോഡ്ലെസ് മൈക്ക്, ബേബി ഫ്രണ്ട്‌ലി പെയിന്റിംഗ്, മെറീഗോ റൗണ്ട്, സീസോ, ഊഞ്ഞാൽ, സീബ്രാ കർട്ടൻ, മാറ്റ്, കാരം ബോർഡ് മുതലായ ഉപകരണങ്ങൾ കെയ്ക്കോ ഉല്പാദിപ്പിക്കുന്നതല്ല. മേൽ പറയുന്ന ഉപകരണങ്ങൾ ടെണ്ടർ കൂടാതെയാണ് കെയ്ക്കോയിൽ നിന്നും വാങ്ങിയിട്ടുള്ളത്. കെയ്ക്കോ ഉല്പാദിപ്പിക്കാത്ത ടി ഉപകരണങ്ങൾ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങിയത് ക്രമവിരുദ്ധമാണ്. സർക്കാർ നിർദ്ദേശം കർശനമായി പാലിച്ച് വാങ്ങൽ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-35 മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട്- സാധനങ്ങൾ ലഭ്യമായശേഷം കരാറിനായി മുദ്രപ്പത്രം വാങ്ങിയിരിക്കുന്നു

പ്രോജക്ട് നം. 126/23 ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

അടങ്കൽ - 318178/- (ഹെൽത്ത് ഗ്രാന്റ്)

ചെലവ് - 318178/-

ഈ പദ്ധതിയ്ക്കായി KMSCLലുമായി റണ്ണിംഗ് കോൺട്രാക്ട് ഉള്ള Lab X എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. AC/4127/3.3.23, AC/4245/9.3.23, AC/4080/2.3.23 എന്നിവ പ്രകാരം 150000/- രൂപയ്ക്ക് ലാബ് റീ എജന്റുകളും AC/4373/16.3.23 പ്രകാരം 80712/- രൂപയ്ക്ക് ഒരു Electrolyte Analyzer ഉം വാങ്ങിയിട്ടുണ്ട്. എന്നാൽ തുക നല്കിയ ട്രഷറി ബിൽ തീയതി 16.3.2023 ആണെങ്കിലും സ്ഥാപനവുമായി കരാർ ചമയ്ക്കുന്നതിനുള്ള മുദ്രപ്പത്രം വാങ്ങിയിട്ടുള്ളത് 27.06.23 ൽ മാത്രമാണ്. മുദ്രപ്പത്രത്തിൽ കരാർ പ്രിന്റ് ചെയ്ത് ചേർത്തിട്ടുണ്ടെങ്കിലും ആവശ്യമായ കോളങ്ങൾ പൂരിപ്പിക്കുകയോ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ഒപ്പിടുകയോ ചെയ്തിട്ടില്ല.

കൂടാതെ 87466/- രൂപയ്ക്ക് SIDCO യിൽ നിന്നും ഇൻവോയ്സ് നം. ALPY/22-23/230/13.3.23 (ട്രഷറി ബിൽ തീയതി 16.3.23) പ്രകാരം ഫർണീച്ചർ വാങ്ങിയിട്ടുണ്ട്. ടി വാങ്ങലിനായി കരാർ വയ്ക്കുന്നതിന് മുദ്രപ്പത്രം വാങ്ങിയിട്ടുള്ളത് മാസങ്ങൾക്കുശേഷം 27.06.23 ൽ മാത്രമാണ്. മുദ്രപ്പത്രത്തിൽ കരാർ പ്രിന്റ് ചെയ്ത് ചേർത്തിട്ടുണ്ടെങ്കിലും ആവശ്യമായ കോളങ്ങൾ പൂരിപ്പിക്കുകയോ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ഒപ്പിടുകയോ ചെയ്തിട്ടില്ല.
ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/09.10.2023) മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-36 തെരുവു വിളക്കുകളുടെ മെയിന്റനൻസ് - അപാകതകൾ

2022-23 വർഷം തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണിക്കായി രണ്ട് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| പ്രോജക്ട് നം./പേര് | അടങ്കൽ | ചെലവ് | ബിൽ നം./വൗച്ചർ നം./ തീയതി |
|---|---|---|---|
| S0013/23 തെരുവ് വിളക്കുകളുടെ വാങ്ങലും റിപ്പയറിംഗും | 1086000 (വികസനഫണ്ട് - 200000 ധനകാര്യകമ്മീഷൻ ഗ്രാന്റ്- 386000 തനതുഫണ്ട് - 500000) | 396797 | 10797/- 58/16.03.2023<br>96003/- XVFC/2022-23 /P/83/14.12.2022<br>35828/- XVFC/2022-23/P/73/ 01.10.2022<br>88809/- XVFC/2022-23/P/119/ 17.03.2023<br>165360/- XVFC/2022-23/P/75/ 01.10.2022 |
| S0037/23 (SO) തെരുവ് വിളക്കുകളുടെ വാങ്ങലും റിപ്പയറിംഗും | 435539 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 435539 | 302762/- XVFC/2022-23 /P/70/ 03.09.2022<br>132777/- XVFC/2022-23/P/71/ 03.09.2022 |

പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. LED ബൾബുകൾ ഇത്ര എണ്ണം നന്നാക്കിയതായുള്ള/മാറ്റി സ്ഥാപിച്ചതായുള്ള പഞ്ചായത്ത് അംഗങ്ങളുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. സാക്ഷ്യപത്രത്തിൽ പോസ്റ്റുകളുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ പോസ്റ്റുകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. കെ.എസ്.ഇ.ബിയുമായി സംയുക്തപരിശോധന നടത്തിയതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല.

3. മെയിന്റനൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

4. സ്റ്റോക്ക് രജിസ്റ്റർ നിശ്ചിത മാതൃകയിൽ കൃത്യമായി പരിപാലിച്ചിട്ടില്ല.

പ്രസ്തുത അപാകതകളിന്മേൽ വിശദീകരണം/രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 13/09.10.2023) കെ എസ് ഇ ബി യുമായി സംയുക്തപരിശോധന നടത്തിവരികയാണെന്നും മെയിന്റനൻസ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നതാണെന്നും സ്റ്റോക്ക് രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-37 ഓഡിറ്റ് ഇംപാക്ട് - ആദായനികുതി ഈടാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിനെത്തുടർന്ന് സ്ഥാപനം തുക ഗ്രാമപഞ്ചായത്തിൽ അടവാക്കി

പദ്ധതി രൂപീകരണവും നിർവ്വഹണവും (പ്രോജക്ട് നം. S0036/23) എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ വിവിധ പ്രിന്റിംഗ് ജോലികൾ കരാറിൽ ഏറ്റെടുത്ത സ്ഥാപനമായ എ പ്ലസ് ഓഫ്സെറ്റ് പ്രിന്റേഴ്സ്, പൂച്ചാക്കൽ എന്ന സ്ഥാപനത്തിന് ബിൽ തുക നൽകിയപ്പോൾ ആദായനികുതി ഈടാക്കിയില്ല.

| ക്രമ നം. | നൽകിയ തുക | വൌച്ചർ നം./തീയതി |
|---|---|---|
| 1 | 74410 | XVFC/2022-23/P/79/27.10.2022 |
| 2 | 19420 | XVFC/2022-23/P/103/22.02.2023 |
| 3 | 21940 | XVFC/2022-23/P/155/31.03.2023 |
| ആകെ | 115770 | |

115770 രൂപയുടെ 2% 2315രൂപ പ്രസ്തുത സ്ഥാപനത്തിൽ നിന്നും ആദായനികുതി ഈടാക്കേണ്ടതായിരുന്നു. ഈ വിഷയത്തിൽ ഓഡിറ്റ് എൻക്വയറി (നം. 7/07.10.2023) നൽകിയതിനെത്തുടർന്ന് സ്ഥാപനം 2315 രൂപ രസീത് നം. 1230101116/10.10.2023 പ്രകാരം ഗ്രാമപഞ്ചായത്തിൽ അടവാക്കി. തുക ബന്ധപ്പെട്ട ഹെഡ്ഡിൽ അടവാക്കേണ്ടതാണ്.

# ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 തൊഴിൽ നികതി അടവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന SBI, പൂച്ചാക്കൽ 2-ാം അർദ്ധവർഷം ജീവനക്കാരുടെ തൊഴിൽനികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ അടവാക്കിയില്ല (ആദ്യ അർദ്ധവർഷം 7500/- രൂപ ജീവനക്കാരുടെ തൊഴിൽനികുതിയും 1250/- രൂപ സ്ഥാപനതൊഴിൽനികുതിയും അടവാക്കിയിട്ടുണ്ട്).

എസ്.ബി.ഐ.ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപനതൊഴിൽ നികുതിയും ഇനത്തിൽ 8750/- രൂപ ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെൻഡർ നിരസിച്ചതുമൂലം അധികച്ചെലവ്

പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2007.1 പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളിൽ ടെൻഡർ തുകയോടൊപ്പം അടക്കേണ്ട ഇ എം ഡി യുടെ നിരക്ക് എസ്റ്റിമേറ്റഡ് പി എ സി യുടെ 2.5 % ആണ്. എന്നാൽ ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ ഇ എം ഡി തുക അപര്യാപ്തമാണെന്ന കാരണം കാണിച്ച് പഞ്ചായത്ത് കമ്മറ്റിയുടെ 14.02.2022 ലെ തീരുമാനം 1(1) പ്രകാരം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന്റെ ടെൻഡർ നിരസിച്ചതായി കാണുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ടെൻഡർ സമർപ്പിച്ചവർ, ടെൻഡർ വ്യതിയാനം | പി എ സി | ആവശ്യമായ ഇ എം ഡി | കമ്മറ്റി തീരുമാനം പ്രകാരം കരാർ ഏറ്റെടുത്ത വ്യക്തി, ടെൻഡർ വ്യതിയാനം | ചെലവ് |
|---|---|---|---|---|---|---|
| 1 | ദൈവത്തറ തോട് പുനരുദ്ധാരണം S0027/23 | സജീഷ് സൈമൺ - 18% കുറവ്, EMD - 6050<br>സേവ്യർ സി എം - 21.77% കുറവ് EMD-5500 | 214532.25 | 214532.25x2.5% =5370 | സജീഷ് സൈമൺ - 18% കുറവ് | 123050/-<br>Vr,No. XVFC/2022-23/P/82 Dtd. 29.10.2022<br>Sanction Order No.52/05.09.2022 |
| 2 | ആറാട്ടുചാണിയിൽ കാനമുറ്റം തോട് പുനരുദ്ധാരണം S0028/23 | ബിജുമോൻ എൻ - 12% കുറവ് EMD_ 11000<br>സേവ്യർ സി എം - 21.77% കുറവ് EMD – 8500<br>സജീഷ് സൈമൺ - 10% കുറവ് EMD- 9550 | 339862.97 | 339862.97x2.5% =8500 | ബിജുമോൻ എൻ - 12% കുറവ് | 187472/- Part Bill<br>Vr. No. XVFC/2022-23/P /145 Dtd. 29.03.2023<br>Sanction Order No. 352/29.03.2023<br>125164/-<br>Sanction Order No.48/25.07.2023<br>Vr.No. XVFC/2023-24/P/12 Dtd. 13.09.2023 |

പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകളിൽ നിർദ്ദേശിച്ച പ്രകാരമുള്ള ഇ എം ഡി, കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. സേവ്യർ സി എം അടച്ചിട്ടും ടിയാളുടെ ടെൻഡർ ഒഴിവാക്കാനുണ്ടായ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/09.10.2023) ടെൻഡർ നോട്ടീസ് തയ്യാറാക്കിയപ്പോൾ എസ്റ്റിമേറ്റ് അടങ്കലിന്റെ 2.5% തുകയാണ് ഇ എം ഡി ആയി ഉൾപ്പെടുത്തിയിരുന്നതെന്നും ടെൻഡർ നോട്ടീസ് തയ്യാറാക്കിയപ്പോൾ വന്ന പിശകാണിതെന്നും ടെൻഡർ തുറക്കുന്ന സമയത്ത് കരാറുകാർ സമർപ്പിച്ച ഇ എം ഡി ടെൻഡർ നോട്ടീസിലെ ഇ എം ഡിയുമായി താരതമ്യം ചെയ്തപ്പോൾ പ്രസ്തുത പ്രവൃത്തികളിൽ ശ്രീ. സേവ്യർ സി എം സമർപ്പിച്ചിട്ടുള്ള ഇ എം ഡി അപര്യാപ്തമായതുകൊണ്ടാണ് രജിസ്റ്ററിൽ അപ്രകാരം രേഖപ്പെടുത്തിയതെന്നും ഇത്തരത്തിലൊരു പിഴവ് കടന്നുകൂടിയ വിവരം ആ സമയത്ത് ശ്രദ്ധയിൽപ്പെട്ടിരുന്നില്ല എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്തുനിന്നുള്ള വീഴ്ച മൂലമാണ് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെൻഡർ നിരസിക്കേണ്ടിവന്നതെന്നും ഇതുമൂലം ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായതെന്നും ഇതിൽനിന്നും വ്യക്തമാണ്. നഷ്ടത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | പ്രവൃത്തിയുടെ ആകെ മൂല്യം (GST ഒഴികെ) | ടെൻഡർ കുറവ് അനുവദിച്ചത് | കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെൻഡർ പ്രകാരമുള്ള ടെൻഡർ കുറവ് @ 21.77% | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|---|
| ദൈവത്താറ തോട് പുനരുദ്ധാരണം S0027/23 | 150060.56 | 27010 | 32668 | 5658/- | കരാറുകാരന് ജി,എസ്.റ്റി അനുവദിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32/11.10.2023) തോട് പുനരുദ്ധാരണം പോലെ മെറ്റീരിയൽ വർക്കിന് സാധ്യതയില്ലാത്ത പ്രവൃത്തിയിൽ ജി എസ് റ്റി നൽകേണ്ടതില്ല എന്ന തരത്തിലുള്ള ഒരു സ്പഷ്ടീകരണം (ജി എസ് റ്റി വകുപ്പിലെ സ്റ്റേറ്റ് ടാക്സ് ഓഫീസർ എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ വകുപ്പ്, വയനാട് ന് നൽകിയത് )വ്യാപകമായി പ്രചരിച്ചിരുന്നതുകൊണ്ടാണ് ജി എസ് ടി അനുവദിക്കാതിരുന്നത് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. |
| ആറാട്ടുചാണിയിൽ | 307532.78 | 36903.93 | 66950 | 30046 | - |

| | | | | | |
|---|---|---|---|---|---|
| കാനമുറ്റം തോട് പുനരുദ്ധാരണം S0028/23 | | | | | |
| ആകെ | | | | 35704 | |

35704 രൂപയുടെ അധികച്ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. കുറഞ്ഞ ടെൻഡർ നിരസിച്ചതുമൂലം ഉണ്ടായ നഷ്ടം 35704 രൂപ ഇ എം ഡി കണക്കാക്കുന്നതിൽ വീഴ്ച വരുത്തിയ അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 60000 | പാലിയേറ്റീവ് കെയർ | 60000 | 0 |
| | 2022-23 | 200000 | ലൈഫ് | 200000 | 0 |
| | 2022-23 | 35000 | അംഗനവാടി പോഷകാഹാരം | 35000 | 0 |
| | 2022-23 | 399000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 399000 | 0 |
| ജില്ലാപഞ്ചായത്ത് | 2022-23 | 100000 | അംഗനവാടി പോഷകാഹാരം | 100000 | 0 |
| | 2022-23 | 133000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 133000 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് ലൈൻ വലിക്കൽ | XVFC/2022-23 /P/62/ 17.08.2022 | 1200000 | 0 | 1200000 |
| KSEB | പോസ്റ്റ് ഷിഫ്റ്റിംഗ് | 63/29.03.2023 64/29.03.2023 | 199000 | 0 | 199000 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

തൻവർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| HUDCO | | 0 | 31012000 | 3195839 | | 27816161 | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷം | 2022-23 |
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 16087203 |
| തൻവർഷം നിക്ഷേപിച്ച തുക | 718600 |
| ആകെ | 16805803 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 16805803 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | തുക നിക്ഷേപിച്ച തീയതി |
|---|---|---|
| എസ്.ബി.ഐ, തൈക്കാട്ടുശ്ശേരി | 16805803 | 05/06/2022 |
| ആകെ | 16805803 | |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 51833207 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 36321071 |
| വരവിനങ്ങളിലുള്ള നഷ്ടം | : 8750 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 35704 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 397500 |

(ബി). ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 8750 | | ശ്രീ. സാബുമോൻ കെ, സെക്രട്ടറി |
| 3-1 | | 35704 | ശ്രീമതി. ബിന്ദു പ്രസാദ് എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 8750 | 35704 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 199000 | ശ്രീ. സാബുമോൻ കെ, സെക്രട്ടറി |
| 1-31 | 180000 | ശ്രീ. സാദിഖ് എ, വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, പൂച്ചാക്കൽ |
| 1-33 | 18500 | ശ്രീമതി. ബിന്ദു പ്രസാദ് എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 397500 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ഇനം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-25 | ആദായ നികുതി | 8123 | ശ്രീ. സാബുമോൻ കെ, സെക്രട്ടറി |
| 1-25 | ജി.എസ്.ടി | 19849 | ശ്രീ. സാബുമോൻ കെ, സെക്രട്ടറി |
| ആകെ | | 27972 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ബിന്ദു പ്രസാദ് എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത് | ആഞ്ഞിലിവെളി, പൊന്നുരുന്നി, വൈറ്റില പി ഒ, എറണാകുളം – 19 |
| ശ്രീ. സാബുമോൻ കെ, സെക്രട്ടറി | സെക്രട്ടറി, തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത് | ഷാരോണിയ, എസ് എൽ പുരം, ചേർത്തല |
| ശ്രീ. സാദിഖ് എ, വി ഇ ഒ പൂച്ചാക്കൽ | വി ഇ ഒ, തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത് | ഷാംഗ്രില്ല, ചന്തിരൂർ |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|

| | |
|---|---|
| 1998-99 | ചെലവ് - എൽ.എഫ്.ജി.എ5-1832/11, തീയതി –19.01.2012 |
| 1999-2000 | എൽ.എഫ്.ജി.എ5-1832/11, തീയതി - 19.01.2012 |
| 2001-2002 | എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012 |
| 2002-2003 | എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012 |
| 2003-2004 | എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012 |
| 2004-2005 | എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012 |
| 2005-2006 | എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012 |
| 2006-2007 | എൽ.എഫ്.ജി.എ5-1577/14, തീയതി – 08.05.2014 |
| 2007-2008 | എൽ.എഫ്.ജി.എ5-1577/14, തീയതി – 12.05.2014 |
| 2008-2009 | എൽ.എഫ്.ജി.എ5-1577/14, തീയതി – 08.05.2014 |
| 2009-2010 | എൽ.എഫ്.ജി.എ5-1577/14, തീയതി – 12.05.2014 |
| 2010-2011, 2011-2012 | എൽ.എഫ്.എ.പി9-709/13, തീയതി – 17.12.2014/14.03.2014 |
| 2012-2013 | എൽ.എഫ്.എ.പി9-20/15, തീയതി – 12.02.2015/17.03.2015 |
| 2013-2014 | എൽ.എഫ്.എ.പി9-1621/15, തീയതി – 17.12.2015/28.01.2016 |
| 2014-2015 | കെ.എസ്.എ-എ.എൽ.പി-പി9/841/16, തീയതി 30.07.2016/05.08.2016 |
| 2015-2016 | കെ.എസ്.എ-എ.എൽ.പി-പി9/1563/16, തീയതി 13.01.2017 |
| 2016-2017 | കെ.എസ്.എ-എ.എൽ.പി-പി6/1228/2022, 03.05.2023 |
| 2017-2018 | കെ.എസ്.എ-എ.എൽ.പി-പി9.524/19/11.6.2019 |
| 2018-2019 | കെ.എസ്.എ-എ.എൽ.പി-പി8. 400/2020/ 26.05.2020. |
| 2019-2020 | കെ.എസ്.എ-എ.എൽ.പി-പി6/956/2021/24.2.2022 |
| 2020-2021 | കെ.എസ്.എ-എ.എൽ.പി-പി6/957/21/24.2.2022 |
| 2021-2022 | കെ.എസ്.എ-എ.എൽ.പി-പി6/1092/22/4.11.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 29-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Thycattussery Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thycattussery Grama Panchayat for the year 2022-2023

Date: 15/11/2023

Deputy Director
District Office Alappuzha
Kerala State Audit Department

**Audit Report appended to the Audit Certificate of Thycattussery Grama Panchayat for the Year 2022-2023.**

**1.Major Observations**

Nil

**2.Other Observations**

1) The mandatory financial statements such as ratios, notes on accounts prescribed in accounting rules are not submitted for audit.

2) In Cash flow statement, Net increase/decrease in cash flow does not match with the differernce between the opening and closing balance of cash and cash equivalents.

3) The Demand, Collection and Balance of Property Tax as per Annual Account does not match with the entries from Sanchaya Software D.C.B Statement.

4)The demand entries property tax, profession tax etc are not recorded in the ledger at the beginning of the year and every month thereafter. No monthly reconciliations are made between ledger balances and concerned registers.
5) The closing balance of Sanitation Mission Account as on 03/23 is Rs.1965036/. But in the Bank Reconciliation Statement and Annual Accounts it is wrongly entered as 1978409/-

6) The pass book balance of Own fund account mismatch with the annual financial statement.

7) The unspent amounts in respect of CFC grant shown as liability in Balalnce sheet schedule B-4 mismatch with the amounts in schedule B-7 and RP-47(b)
8) The interest on fixed deposit not accounted.
9) The annual DCB entered in the Rent register (building) mismatch with AFS.

Deputy Director

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്